കെ.എസ്.എ.പി.റ്റി.എ.പി6/1631 /18 തീയതി : 10.01.2019

പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപ്പഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം **-** വകുപ്പ് **215(4), 1994-**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13, 1996-**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമപ്പഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി**.** ഗ്രാമപ്പഞ്ചായത്ത് **01.08.2017** മുതൽ **31.03.2018** വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്**,** അവയുടെ ഒടുക്ക്**,** വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു**.**

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്**,** ഡെപ്യൂട്ടി ഡയറക്ടർ(ഹ**.**ഗ്രേ**)** |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.12.2018മുതൽ 27.12.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ.എൻ. പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സൂര്യപ്രഭ പി.സി.**,** അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ**.**ബി**.**ഹരികുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ**.**എസ്**.**ഹരികുമാർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബാബു പുല്ലാട്ട് | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി ദീനാമ്മ സെബാസ്റ്റ്യൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ.ഷംസുദ്ദീൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ.എസ്.സുരേഷ് | 01.04.2017 മുതൽ 14.11.2017 വരെ |
| | ശ്രീമതി സിനി എബ്രഹാം | 15.11.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി പ്രീതാ തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി റ്റി.എസ്.അംബിക | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീമതി രജനി രവീന്ദ്രൻ<br><br>ഹെഡ്ക്ലാർക്ക് (അധികചുമതല) | 01.06.17 മുതൽ 15.06.17 വരെ |
| | ശ്രീ. ചന്ദ്രബാബു | 16.06.17 മുതൽ 10.7.17 വരെ |
| | ശ്രീ.ജോൺസൺ പീറ്റർ കാർഡോസ് | 11.07.17 മുതൽ 21.01.18 വരെ |
| | ശ്രീമതി സുധ എസ് | 22.01.18 മുതൽ 08.03.2018 വരെ |
| | ശ്രീമതി സുനീത ആർ. പണിക്കർ, അസിസ്റ്റന്റ് സെക്രട്ടറി, (അധികചുമതല) | 09.03.18 മുതൽ 31.03.18 വരെ |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപ്പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ,

ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം</u>**:**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

<u>സൂചിക</u>


| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം **1:** ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | തനത് വരുമാനം | 1-7 |
| 8. | സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10. | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12. | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം **2:** വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13. | രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 2-1 |
| 14. | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 |
| 15. | വസ്തു നികുതി പിരിവ്- അപാകതകൾ | 2-3 |
| 16. | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു | 2-4 |
| 17. | രജിസ്ട്രേഷൻ ഇല്ലാതെ പ്രൈവറ്റ് ഹോസ്പിറ്റൽ പ്രവർത്തിക്കുന്നു | 2-5 |

| | | |
|---|---|---|
| 18. | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല | 2-6 |
| 19. | ടെണ്ടർഫീസ് ഒടുക്കാൻ ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചില്ല | 2-7 |
| | ഭാഗം **3:** ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 20. | സ്മാർട്ട് ക്ലാസ്സ് റൂം- സർക്കാർ ഉത്തരവിനു വിരുദ്ധമായി തുക ചെലവഴിച്ചു | 3-1 |
| 21. | പ്രോക്യൂർമെന്റ് മാനുവലിലെ വ്യവസ്ഥകൾ പാലിക്കാതെ 14.06 ലക്ഷം രൂപയുടെ വാങ്ങൽ നടത്തി | 3-2 |
| 22. | വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങാതെ വീട് മെയിന്റനൻസിന് സബ്സിഡി നൽകി | 3-3 |
| 23. | കുടിവെളള പദ്ധതികൾ– നിർവ്വഹണം യഥാസമയം ആരംഭിച്ചില്ല, പാഴായത് 17 ലക്ഷം രൂപ | 3-4 |
| 24. | പഞ്ചായത്തോഫീസ്- പുതിയ കെട്ടിടം പണിതെങ്കിലും അനുബന്ധസൗകര്യങ്ങൾ പൂർത്തീകരിച്ചില്ല | 3-5 |
| 25. | കുടിവെള്ള ടാങ്ക് വിതരണം - വാങ്ങിയവയിൽ 6 എണ്ണം ഗുണഭോക്താക്കൾ കൈപ്പറ്റിയതായി രേഖയില്ല | 3-6 |
| 26. | ആശ്രയ ', ' ബാലസഭ ' പദ്ധതികളുടെ വിഹിതം കൈമാറിയെങ്കിലും സി.ഡി.എസ്സ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തില്ല | 3-7 |
| 27. | പട്ടികജാതി വിഭാഗത്തിന് ഓട്ടോറിക്ഷ – സബ്സിഡി ഗുണഭോക്താവിന് നേരിട്ട് നൽകി | 3-8 |
| 28. | യൂത്ത് ക്ലബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 3-9 |
| 29. | ഡെപ്പോസിറ്റ് പ്രവൃത്തികൾ - മുൻകൂറായി നൽകിയ 30.74 ലക്ഷം രൂപയുടെ വിനിയോഗ രേഖകളില്ല | 3-10 |
| 30. | സർക്കാർ ഗ്രാന്റ് ലഭിക്കുന്ന വായനശാലകൾക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങുന്നതിന് വികസനഫണ്ട് ചെലവഴിച്ചു | 3-11 |
| 31. | ജി.എസ്.റ്റി. രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിൽനിന്നും വാങ്ങൽ നടത്തി | 3-12 |
| 32. | ODF പ്രോഗ്രാം- ശുചിത്വമിഷനിൽ നിന്നും തിരികെ ലഭിച്ച 10.32 ലക്ഷം രൂപ നാളിതുവരെ ഉപയോഗിച്ചില്ല | 3-13 |
| 33. | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ -ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി | 3-14 |
| 34. | പൊതു ടാപ്പുകളുടെ വെള്ളക്കരം പഞ്ചായത്ത് ഫണ്ട് ചോർത്തുന്നു; പ്രതിവർഷ ബാദ്ധ്യത 12.7ലക്ഷം | 3-15 |
| 35. | വെള്ളക്കരക്കുടിശ്ശിക യഥാസമയം ഒടുക്കിയില്ല-പലിശ ഇനത്തിൽ അധിക ബാധ്യത 2.67 ലക്ഷം രൂപ | 3-16 |
| 36. | പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-17 |

| | | |
|---|---|---|
| 37. | അധിക നിരക്കിൽ ദിവസവേതനം നൽകുന്നു | 3-18 |
| 38. | എബിസി പ്രോഗ്രാം - വിനിയോഗ രേഖകളില്ല | 3-19 |
| 39. | എഗ്രിമെന്റ് വയ്ക്കാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക കൈമാറി | 3-20 |
| 40. | കൃഷിയുമായി ബന്ധപ്പെട്ട പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ | 3-21 |
| 41. | മരുന്ന് വാങ്ങൽ പ്രോജക്ട്-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 3-22 |
| 42. | ആശുപത്രി മാനേജിംഗ് കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടില്ല | 3-23 |
| 43. | ഫയലുകൾ ലഭ്യമാക്കിയില്ല-തുക നിരാകരിക്കുന്നു | 3-24 |
| 44. | മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല; റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച | 3-25 |
| 45. | പ്രത്യേക ഘടക പദ്ധതി നടത്തിപ്പിൽ അപാകം | 3-26 |
| 46. | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിമിതം | 3-27 |
| 47. | ജി.എൽ.പി.എസ്. പുല്ലൂപ്രം - അനുബന്ധ സൌകര്യങ്ങളില്ല | 3-28 |
| 48. | ഹരിതകർമ്മസേന രൂപീകരിച്ചെങ്കിലും തുടർ പ്രവർത്തനമില്ല | 3-29 |
| 49. | ചെറിയ അളവിൽ മാത്രമായി റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ - പൂർണ്ണമായും ഗതാഗത യോഗ്യമാക്കാനാകുന്നില്ല | 3-30 |
| 50. | റോഡ് മരാമത്ത് പ്രവർത്തികൾക്കുള്ള ടെൻഡർ നടപടികൾ സുതാര്യമല്ല | 3-31 |
| 51. | പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 3-32 |
| | ഭാഗം **4:** പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 52. | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 53. | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 54. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 55. | വായ്പ തിരിച്ചടവിന്റെ വിവരം | 4-4 |
| 56. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 57. | ഓഡിറ്റ് റിക്കവറി | 4-6 |
| 58. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 59. | ചാർജ്ജ് സർചാർജ്ജ് നടപടിയുടെ വിവരങ്ങൾ | 4-8 |
| 60. | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-9 |
| 61. | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 62. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18-ലെ ബജറ്റ് പാസ്സാക്കിയ നം./തീയ്യതി | 22.03.2017-ലെ 1-ാം നമ്പർ തീരുമാനം |
| ബജറ്റ് പുതുക്കിയത് | 27.02.2018 1-ാം നമ്പർ തീരുമാനം |

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (+/-) |
|---|---|---|---|
| മുന്നിരിപ്പ് | 10750000 | 15174516 | -4424516 |
| വരവ് | 81261000 | 465252288 | -383991288 |
| ആകെ | 92011000 | 61699804 | 30311196 |
| ചെലവ് | 82789000 | 43001128 | 39787872 |
| നീക്കിയിരിപ്പ് | 9222000 | 18698676 | -9476676 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ വ്യതിയാനമുണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. 2016-17വർഷത്തെ യഥാർത്ഥ വരവ് ചെലവ് കണക്കുകൾ ആധാരമാക്കി ബജറ്റ് തയ്യാറാക്കേണ്ടതിനുപകരം 2015-16ലെ കണക്കുകളാണ് ബജറ്റ് തയ്യാറാക്കുന്നതിന് അവലംബമാക്കിയിട്ടുള്ളത്.

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല. നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചല്ല കരട് ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളതെന്ന് ബജറ്റ് കണക്കുകളിലെ വ്യതിയാനങ്ങളിൽനിന്നും വ്യക്തമാണ്. ബജറ്റ് നിർദ്ദേശങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റികളിലും, ജനറൽ കമ്മിറ്റിയിലും വിശദമായ ചർച്ചയ്ക്കും വിശകലനത്തിനും വിധേയമാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് മിനിട്ട്സിൽ രേഖപ്പെടുത്തൽ ഇല്ല.

1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 21.4.18 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-18 | 22.6.2018-23.06.2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 11.07.18-ലെ കെ.എസ്.എ.പി.റ്റി.എ.പി.6/573/ 2018 നമ്പരായി വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ

പരിഹരിച്ചിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പേമെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുൻബാക്കി | 15174516 |
| വരവ് | 465252288 |
| ആകെ | 61699804 |
| ചെലവ് | 43001128 |
| നീക്കിബാക്കി | 18698676 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി/ലാപ്സായ തുക | ചെലവ് (%) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9832000 | 9832000 | 6924851 | 2907149 | 70.40 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1892072 | 1892072 | 746937 | 1145135 | 39.50 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 20992 | 20992 | 0 | 20992 | 00.00 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 13398771 | 13398771 | 10679077 | 2719694 | 79.70 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2959364 | 2959364 | 1677137 | 1282227 | 56.70 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4617638 | 4617638 | 3652110 | 965528 | 79.09 |
| ലോക ബാങ്ക് സഹായം | 0 | 2268635 | 2268635 | 940680 | 1940184 | 41.50 |
| സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് (തനത് ഫണ്ട്) | 11830730 | 13721981 | 25552711 | 8288552 | 17264159 | 32.4 |
| നാഷണലൈസ്ഡ് ബാങ്ക് (തനത് ഫണ്ട്) | 0 | 58535 | 58535 | 826 | 57709 | 1.4 |
| ട്രഷറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് - | 3295134 | 7592193 | 10887327 | *10682251 | 205076 | 98.1 |
| കോപ്പറേറ്റീവ് ബാങ്ക്(തനത് ഫണ്ട്) | 1011 | 177 | 1188 | - | 1188 | 0 |
| ബാങ്ക് - ദുരിതാശ്വാസ നിധി | 3132 | 159 | 3291 | - | 3291 | 0 |
| ട്രഷറി ടി.എസ്.ബി. (ജോയിന്റ് വെഞ്ചർ) | | 1100000 | 1100000 | 100000 | 1000000 | 9.1 |
| (എം.ജി.എൻ.ആർ.ജി.എസ്.) | 1116 | 472655 | 473771 | 469550 | 4221 | 99 |
| കോപ്പറേറ്റീവ് ബാങ്ക്(സാക്ഷരത) | 20486 | 446 | 20932 | 12000 | 8932 | 57.32 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|
| 222 | 179 | 43 | 80.6 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 30 | 19 | 23396363 | 5109372 | 21.80 |
| കൃഷി ഓഫീസർ | 6 | 6 | 2141721 | 1768713 | 82.58 |
| വെറ്റിനറി സർജൻ | 7 | 7 | 4653500 | 1554500 | 33.40 |
| വി.ഇ.ഒ. | 11 | 7 | 4065000 | 2463937 | 60.61 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 153 | 126 | 19867741 | 12840576 | 64.63 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 3 | 2407487 | 1961438 | 81.47 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 2 | 2 | 1000000 | 1000000 | 100.00 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 400000 | 400000 | 100.00 |
| ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ് | 7 | 7 | 715000 | 675730 | 94.51 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 200000 | 200000 | 100.00 |
| ആകെ | 222 | 179 | 58846812 | 27974266 | 73.90 |

<u>പദ്ധതി നിർവ്വഹണത്തിലെ നേട്ടങ്ങളും പോരായ്മകളും</u>

ഗ്രാപ്പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. 29.05.17ൽ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചുവെങ്കിലും നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല. മാർച്ച് മാസത്തിലാണ് ഭൂരിഭാഗം ബില്ലുകളും മാറിയിരിക്കുന്നത്.
2. ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ കൃഷി ഓഫീസ്, പി.എച്ച്.സി, പി.എച്ച്.സി(സബ്സെന്റർ), ഐ.സി.ഡി.പി സബ്സെന്റർ എന്നിവ ഇപ്പോഴും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. 1996-ൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് 22 വർഷങ്ങൾക്ക് ശേഷവും കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.
3. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് കൂടിയിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളിൽ മതിയായ എണ്ണം ഹാജർ ഉണ്ടായിരുന്നില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ നടന്ന ചർച്ചകളുടെ വിവരങ്ങളോ, കൈക്കൊണ്ട തീരുമാനങ്ങളോ മിക്ക മിനിട്സിലും ഉണ്ടായിരുന്നില്ലെന്നത് പദ്ധതി ആസൂത്രണ നടപടിക്രമങ്ങളെ ലാഘവ ബുദ്ധിയോടെയാണ് വർക്കിംഗ് ഗ്രൂപ്പുകൾ സമീപിച്ചതെന്നതിന് തെളിവാണ്. വർക്കിംഗ് ഗ്രൂപ്പുകൾ

പ്രോജക്ടുകളുടെ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.

4. പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങളുടെ ചുമതലകൾ കൃത്യമായി നിർവ്വഹിച്ചിട്ടില്ല. പദ്ധതിയുടെ വിഭവ സ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തി സഹമായി നിശ്ചയിക്കുക എന്നീ കാര്യങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കുണ്ടായ വീഴ്ച കാരണം ഫണ്ട് നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്.
5. ഗ്രാമപ്പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പശ്ചാത്തല മേഖലയിൽ താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു. സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്ക് പോലും ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വിഭജിച്ചിച്ച് നടപ്പിലാക്കുന്നു.
6. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം റോഡുകളെ വിഭജിച്ച് ചെറിയ നീളം കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.
7. ഓഡിറ്റ് വർഷം ലഭിച്ച പട്ടികജാതി, പട്ടിക വർഗ്ഗ വികസന ഫണ്ട് യഥാക്രമം 39.5%, 0% ഉം, റോഡിതര മെയിന്റനൻസ് ഫണ്ട് 56.7 ശതമാനവും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.
8. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ ആസ്തികളുടെ സംരക്ഷണത്തിന് സർക്കാർ അനുവദിക്കുന്ന റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി ചെലവഴിക്കാതെ വലിയ തോതിൽ പാഴാക്കുന്നു.
9. അങ്കണവാടികളിൽനിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഗ്രാമസഭാ അംഗങ്ങളിൽനിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
10. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ - പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി, വനിതാ ഘടക പദ്ധതി - അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപ്പഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല (ഉദാ: വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ മിക്ക പ്രോജക്ടുകളും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല).
11. ബഹു. എം.പി.യുടെ ആസ്തി വികസന ഫണ്ട്, ഗ്രാമപഞ്ചായത്ത്/ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി വിഹിതം എന്നിവ ഉപയോഗിച്ച് കുട്ടികളുടെ പാർക്ക് നിർമ്മിക്കുന്ന പ്രോജക്ടിനായി ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 10 ലക്ഷം രൂപ ഇപ്പോഴും സംയുക്തപ്രോജക്ടുകൾക്കായി തുടങ്ങിയ ട്രഷറി അക്കൗണ്ടിൽ ശേഷിക്കുന്നു.
12. ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനായി ജില്ലാ കുടുംബശ്രീ മിഷനിൽ നിന്നും ലഭിച്ച കാർഷിക ഉപകരണങ്ങൾ കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.
13. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ഗ്രൗണ്ട് വാട്ടർ അതോറിറ്റി എന്നീ നിർവ്വഹണ ഏജൻസികളിലായി 30 ലക്ഷത്തോളം രൂപ മുടങ്ങി കിടക്കുന്നു.
14. തൻവർഷം 4കുടിവെള്ള പദ്ധതികൾക്കായി തുക വകയിരുത്തിയെങ്കിലും പദ്ധതികളൊന്നും തന്നെ നടപ്പിലായില്ല. നിർവ്വഹണം യഥാസമയം ആരംഭിക്കാത്തതിനാൽ ഈ പ്രോജക്ടുകൾ സ്പിൽ ഓവർ പ്രോജക്ട് ആയി നടപ്പിലാക്കുവാനുള്ള അപേക്ഷ കോർഡിനേഷൻ സമിതി അനുവദിച്ചില്ല. ഇത് മൂലം പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായും സമയബന്ധിതമായും പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിനും ലഭ്യമായ ഫണ്ട് പൂർണ്ണമായും ചെലവഴിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

റാന്നി, റാന്നി അങ്ങാടി, റാന്നി പഴവങ്ങാടി, ചെറുകോൽ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി റാന്നി പഴവങ്ങാടിയിൽ നിർമ്മിക്കുന്ന വാതക ശ്മശാനത്തിന് ഗ്രാമപഞ്ചായത്ത് വിഹിതമായി 1640000/- രൂപ പഴവങ്ങാടി ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. ക്രിമറ്റോറിയം നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. ശ്മശാനത്തിന് അനുയോജ്യമായ സ്ഥലം ഇല്ലാതിരുന്ന ഗ്രാമപഞ്ചായത്ത് സംയുക്ത പദ്ധതി ആവിഷ്കരിച്ചത് മാതൃകാപരമാണ്.

## 1-7 <u>തനത് വരുമാനം</u>

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 4335104 | 7458054 | 3122950 |
| നികുതിയേതര വരവുകൾ | 482578 | 694797 | 212219 |
| മറ്റ് വരവുകൾ | 1472585 | 2775525 | 1302940 |

വസ്തു നികുതി, സർവ്വീസ് സെസ്സ് എന്നിവ മുൻകാല കുടിശ്ശിക ഉൾപ്പടെ പിരിച്ചെടുക്കാൻ കഴിഞ്ഞത് തൻ വർഷത്ത തനത് വരുമാനത്തിൽ വലിയ വർദ്ധനവ് ഉണ്ടാകുന്നതിന് ഇടയാക്കി.

## 1-8 സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം

| ക്രമ നം. | പദ്ധതി | 2017-18-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | ഇല്ല | ഇല്ല | ഇല്ല |
| 2 | തൊഴിൽ രഹിത വേതനം | - | - | - |
| 3 | വിധവാ പെൻഷൻ | 20 | 17 | 3 |
| 4 | വികലാംഗ പെൻഷൻ | 14 | 13 | 1 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 137(*) | 63 | 27 |

**(*)--47** അപേക്ഷകൾ പുനരന്വേഷണത്തിന് നൽകിയിരിക്കുകയാണ്. ആയതിൻമേൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2018 11AM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. **37270** രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1) വരവ് ചെലവുകളിന്മേലുള്ള ബജറ്ററി കൺട്രോൾ തൃപ്തികരമാണ്. വൗച്ചറുകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ, പെർമിറ്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്ററുകൾ, ലേല രജിസ്റ്റർ മുതലായ സുപ്രധാന രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നു. സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തരമുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവെ തൃപ്തികരമാണ്.

2) പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.

**3) 3**1.10.17 മുതൽ സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

കമ്മിറ്റി യോഗം ചേർന്ന് 48 മണിക്കൂറിനുള്ളിൽ മിനിട്സ് ക്ലോസ് ചെയ്ത് ബന്ധപ്പെട്ടവർക്ക് തീരുമാനത്തിന്റെ പകർപ്പ് നൽകണമെന്ന ചട്ടത്തിലെ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മിനിട്ട്സ് ക്ലോസ്സ് ചെയ്യപ്പെടുന്നില്ല. ഓഡിറ്റ് വേളയിൽ മിനിട്ട്സ് സമയപരിധി കഴിഞ്ഞ് ക്ലോസ്സ് ചെയ്യാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

4) പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷം കമ്മിറ്റി 28/3/18-ൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് ഓഡിറ്റ് വർഷം പഞ്ചായത്ത് നടത്തിയിട്ടുള്ള വാങ്ങലുകൾ ഒന്നും തന്നെ പ്രോക്യൂർമെന്റ് മാനുവലിലെ വ്യവസ്ഥകൾ പാലിച്ചല്ല നടത്തിയിട്ടുള്ളത്. ടെണ്ടറുകൾ അംഗീകരിക്കുന്നതിലും, വാങ്ങുന്ന സാധനങ്ങളുടെ ന്യായവിലയും, ഗുണനിലവാരവും ഉറപ്പുവരുത്തുന്ന കാര്യത്തിലും പ്രോക്യൂർമെന്റ് കമ്മിറ്റി യാതൊരു പങ്കും വഹിച്ചിട്ടുള്ളതായി കാണുന്നില്ല.

**5)** പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല**.** ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ,സമയപരിധി**,**നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. **1994-**ലെ കേരള പഞ്ചായത്ത് രാജ് **(**പൗരാവകാശരേഖ തയ്യാറാക്കൽ **)**ചട്ടങ്ങളിലെ ചട്ടം **3(1)** പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി**,** നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്**.** എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരം പൗരാവകാശരേഖ നാളിതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ല**.**

**6)** ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ**,** രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല**. 26.07.11-**ലെ ജി.ഒ.**(**എം.എസ്.**)152/11/**തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല**.**

**7)** ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്. ഗ്രാമസഭകളിലെ ജനപങ്കാളിത്തം കുറവാണ്.

ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു. ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തി ഭരണം ചലനാത്മകമാക്കേണ്ടതുണ്ട്. .

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 03.10.18-07.11.18 | 07/18 മുതൽ 09/18 വരെ | 10.11.18 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.2.18-21.02.18 | 2012-13 മുതൽ 2016-17 വരെ | 15.03.18 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റ് വേളയിൽ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

1) 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തീകരിച്ചിട്ടില്ല. ആയതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2) ബി-4 ഷെഡ്യൂളിൽ ഗ്രാന്റ്സ് ഫണ്ട്സ് &കോൺട്രിബ്യൂഷൻ ഇനത്തിൽ (320300103) നീക്കിയിരിപ്പ് കാണിച്ചിരിക്കുന്ന 371853 രൂപ കൃത്യമല്ല. ഒ.ഡി.എഫ് റീഫണ്ടിനത്തിൽ ശുചിത്വമിഷനിൽ നിന്നും 1032000 രൂപ തിരികെ ലഭിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതു ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2017-18സാമ്പത്തികവർഷം അസിസ്റ്റന്റ് എഞ്ചിനീയർക്ക് ടെൻഡർ ഫോറം വില്പനയുൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി അനുവദിച്ചുനൽകിയ 38796-ാം നമ്പർ രസീത് ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. രസീത് ബുക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.15 തീ:24.12.18) നല്കിയെങ്കിലും ആയത് ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പരിശോധനയ്ക്കായി ഹാജരാക്കിയ കളക്ഷൻ രജിസ്റ്ററിൽ ബുക്ക് നം.38796-ലെ 1 മുതൽ 73 വരെയുള്ള രസീതുകൾ പ്രകാരമുള്ള കളക്ഷൻ തുക രേഖപ്പെടുത്തുകയും ആയത് പഞ്ചായത്തിൽ അടച്ച രസീതുകൾ പതിയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ രസീതുബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ രസീത്ബുക്കുകൾ പ്രകാരമുള്ള മുഴുവൻ തുകയും പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. രസീത് ബുക്കുകൾ ദുരുപയോഗം ചെയ്യപ്പെട്ടിരിക്കാനുള്ള സാധ്യതയും ഓഡിറ്റ് വിലയിരുത്തുന്നു.

രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കാത്തത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനീയർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാത്തപക്ഷം ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടം പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന സപ്ലൈകോ മാവേലി സ്റ്റോറിൽ നിന്നും 2017-18 - ഒന്ന് , രണ്ട് അർദ്ധവർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മാവേലി സ്റ്റോറുകളെ തൊഴിൽ നികുതി നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി.സ്ഥാപനത്തിൽ നിന്നും വിറ്റുവരവിനനുസരിച്ചുള്ള തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തു നികുതി പിരിവ്- അപാകതകൾ

2017-18 വർഷത്തെ വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1)ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ വരവ് ആയി രേഖപ്പെടുത്തിയിരിക്കുന്നു

സാംഖ്യ സോഫ്ററ് വെയറിൽ നിന്നും ലഭ്യമായ 01.4.17 മുതൽ 31.03.2018 വരെയുള്ള കാലയളവിലെ ക്യാൻസൽ ചെയ്ത രസീതുകളുടെ റിപ്പോർട്ട് പരിശോധിച്ചതിൽ ക്യാൻസൽ ചെയ്ത രസീതുകൾ പ്രകാരമുള്ള തുകകൾ സഞ്ചയ സോഫ്ററ് വെയറിൽ കളക്ഷൻ ആയി കാണിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. ഈ അപാകത മൂലം ഗ്രാമപഞ്ചായത്തിന് വരവ് ലഭിക്കാതെ തന്നെ സഞ്ചയ സോഫ്ററ് വെയറിൽ ഡിമാന്റ് കുറയുന്ന സാഹചര്യമാണുള്ളത്. ഇതുമൂലം ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്യാൻസൽ ചെയ്ത രസീത് നമ്പർ/തീയതി/തുക | ഉടമസ്ഥന്റെ കെട്ടിട നമ്പർ/പേര് | റിമാർക്സ് (സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം) |
|---|---|---|
| 11702102669/17.11.17<br>രൂ-5799 | ജോൺസൺ റ്റി ജോസഫ്<br>II/38 | 2013 ഒന്നാം അർദ്ധ വർഷം മുതൽ 2017രണ്ടാം അർദ്ധ വർഷം വരെയുള്ള വസ്തു നികുതി ക്യാൻസൽ ചെയ്ത |

| | | |
|---|---|---|
| | | ഇതേ രസീത് പ്രകാരം ഒടുക്കിയതായാണ് കാണിച്ചിരിക്കുന്നത് |
| 11702102683/17.11.17<br>867/- | ശിവരാമൻനായർ<br>X/490 | 2015 ഒന്നാം അർദ്ധ വർഷം മുതൽ 2017 രണ്ടാം അർദ്ധ വർഷം വരെയുള്ള നികുതി ഈ രസീത് പ്രകാരം ഒടുക്കിയതായി കാണിച്ചിട്ടുണ്ട്. |
| 11702102720/18.11.17<br>4563/- | മറിയാമ്മ എബ്രഹാം<br>II/6 | 2016, 2017 വർഷങ്ങളിലെ നികുതി ഈ രസീത് പ്രകാരം ഒടുക്കിയതായി കാണിച്ചിട്ടുണ്ട് |
| 11702103483/18.12.17<br>1904 | മത്തായി കോശി<br>I/383 | 2015, 2016 വർഷങ്ങളിലെ നികുതി ഈ രസീത് പ്രകാരം ഒടുക്കിയതായി കാണിച്ചിട്ടുണ്ട് |
| 11702102862/20.12.17<br>551 | കെ.ആർ.രാധാമണിയമ്മ<br>X/224 | 2017 I&II വർഷങ്ങളിലെ നികുതി ഈ രസീത് പ്രകാരം ഒടുക്കിയതായി കാണിച്ചിട്ടുണ്ട് |

ഫ്രണ്ട് ഓഫീസിൽ നിന്നും സാംഖ്യയിൽ രസീത് ജനറേറ്റ് ചെയ്യുകയും പ്രിന്റ് എടുക്കുന്നതിലുൾപ്പടെയുള്ള പ്രശ്നങ്ങൾ കാരണം ക്യാൻസൽ ചെയ്യേണ്ടി വരുകയും ചെയ്ത ചെയ്ത രസീതുകളാണ് ഇപ്രകാരം സഞ്ചയയിൽ വരവ് കാണിച്ചിരിക്കുന്നത്. പ്യൂരിഫിക്കേഷൻ നടപടികൾ ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിച്ചിട്ടില്ലെന്നും അപാകത അടിയന്തിരമായി പരിഹരിക്കുമെന്നും സെക്രട്ടറി എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. അപാകത അടിയന്തിരമായി പരിഹരിച്ച് വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2)ക്യാംപ് കളക്ഷനിൽ മാനുവൽ രസീത് പ്രകാരം പിരിച്ചെടുക്കുന്ന കുടിശ്ശിക ഉൾപ്പടെയുള്ള വസ്തു നികുതി തൻ വർഷത്തെ കളക്ഷനായി സഞ്ചയയിൽ ഡേറ്റ എൻട്രി ചെയ്തത് ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണത്തിന് III/36 നം കെട്ടിടത്തിന്റെ 2013-14 മുതൽ 2017-18 വരെയുള്ള വർഷങ്ങളിലെ വസ്തു നികുതിയിനത്തിൽ വരവ് വന്ന 3100/-രൂപ സഞ്ചയയിൽ 2017-ലെ വരവായാണ് ഡേറ്റ എൻട്രി ചെയ്തിരിക്കുന്നത്. ഇതുമൂലം 2017-ലെ ഡിമാന്റ് ആയ 620/- കിഴിച്ച് ബാക്കിയുള്ള തുക 2017-ലെ അഡ്വാൻസ് കളക്ഷനായി ആണ് സഞ്ചയയിൽ വരവ് കാണിക്കുന്നത്. നിരവധി കെട്ടിടങ്ങളുടെ വസ്തു നികുതി ഇപ്രകാരം സഞ്ചയയിൽ തെറ്റായി ഡേറ്റ എൻട്രി ചെയ്തിട്ടുണ്ട്. ഇതുമൂലം സഞ്ചയ പ്രകാരമുള്ള അരിയർ/ കറന്റ് ഡിമാന്റ് കളക്ഷൻ ബാലൻസ് കണക്കുകൾ കൃത്യമല്ല. അപാകത അടിയന്തിരമായി പരിഹരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

ഡിമാന്റ് നോട്ടീസ് നൽകിയിട്ടും ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ 2012-13 വർഷം മുതലുള്ള വസ്തു നികുതി ഒടുക്കാത്ത സാഹചര്യത്തിൽ നികുതി ഈടാക്കാൻ നിയമ നടപടകൾ സ്വീകരിക്കേണ്ടതാണ്

## 2-4 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ ) 2012-പ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ.നം. | ഫാമിന്റെ പേര് | വാർഡ് നം./കെട്ടിട നം. | വളർത്തുന്ന പക്ഷികളുടെ എണ്ണം |
|---|---|---|---|
| 1 | പി.വി.ജയൻ, ജയൻ & സൺ ഹാച്ചറി | 4/223-B | 1000 |
| 2 | വിജയൻപിള്ള സി.പി. വിജയ എഗ്ഗർ നഴ്സറി | 10/363 | 3000 |

സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. നൂറ് പക്ഷികളിൽ കൂടുതലുള്ള പൗൾട്രി ഫാം നടത്തുന്നതിന് കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ 2012-പ്രകാരമുള്ള ലൈസൻസ് ആവശ്യമാണ്. മേൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കേണ്ടതുമാണ്. ക്രമ.നം. 1 പ്രകാരമുള്ള ഫാം പ്രവർത്തിക്കുന്നത് 16 സെന്റ് മാത്രം വിസ്തൃതിയുള്ള സ്ഥലത്താണ്. ചട്ടങ്ങൾ പ്രകാരം കോഴി ഫാം സ്ഥാപിക്കുന്നതിനോ നടത്തിക്കൊണ്ടുപോകുന്നതിനോ ആവശ്യമായ ഭൂമിയുടെ ഏറ്റവും കുറഞ്ഞ വിസ്തൃതി 15-എണ്ണത്തിന് 1-സെന്റ് എന്ന നിരക്കിലാണ്. അതുപ്രകാരം 1000- പക്ഷികളെ വളർത്തുന്നതിന് 66.66- സെന്റ് ഭൂമി ആവശ്യമാണ്. കൂടാതെ മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിന് വളക്കുഴി ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. ചട്ടങ്ങൾ പാലിക്കാതെയുള്ള ലൈവ് സ്റ്റോക്ക് ഫാമുകളുടെ നടത്തിപ്പ് പരിസര മലിനീകരണത്തിന് കാരണമാകുകയും അതുവഴി ജനങ്ങളുടെ സ്വൈര ജീവിതത്തിന് തടസ്സമുണ്ടാക്കുകയും ചെയ്യുമെന്നതിനാൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നിബന്ധനകൾ പാലിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രം ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ഇല്ലായെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## 2-5 രജിസ്ട്രേഷൻ ഇല്ലാതെ പ്രൈവറ്റ് ഹോസ്പിറ്റൽ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മേനാംതോട്ടം ഹോസ്പിറ്റൽ കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ 1997 പ്രകാരമുള്ള രജിസ്ട്രേഷൻ 2017-18-ൽ പുതുക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) – ൽ നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തൊട്ടടുത്ത് പ്രവർത്തിക്കുന്ന പ്രശസ്തമായ ആശുപത്രിയായിരുന്നിട്ടും ആയത് നിയമപ്രകാരമുള്ള രജിസ്ട്രേഷനോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തിയില്ല.

മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 8-പ്രകാരം രജിസ്ട്രേഷനില്ലാതെയും നിയമവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും 5000/- രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500/- രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്. എന്നാൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും അത്തരം നടപടികൾ ഉണ്ടായിട്ടില്ല.

പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സെക്രട്ടറിയും പഞ്ചായത്ത് ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 2-6 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കിൾ 56ബി പ്രകാരം, മൂന്നുവർഷം കഴിഞ്ഞിട്ടുള്ള

ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടുപോകുന്നതാണ്. അതിനാൽ ഇപ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ 2010-11മുതൽ 2014-15 വരെ പഞ്ചായത്തിൽ ലഭിച്ചതും നിലവിൽ കാലഹരണപ്പെട്ടതുമായ ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഡെപ്പോസിറ്റുകളുടെ എണ്ണം | ഡെപ്പോസിറ്റ് തുക |
|---|---|---|
| 2010-11 | 8 | 39640 |
| 2012-13 | 4 | 4800 |
| 2013-14 | 2 | 5000 |
| ആകെ | **14** | **49440** |

പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-7 ടെണ്ടർഫീസ് ഒടുക്കാൻ ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02/10/17-ലെ സ.ഉ(സാധാ.) നം.3186/2017/ത.സ്വ.ഭ.വ ഉത്തരവ് അനുസരിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി അക്കൗണ്ട് തുടങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ പാലിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ്, നിരതദ്രവ്യം മുതലായവ തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യുന്നത്. 2018-19 വർഷം മുതൽ ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളെല്ലാം ഇ-ടെണ്ടർ മുഖേനയാണ് നടപ്പിലാക്കുന്നത്. ആയതിനാൽ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ്, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിനായി ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം തുടർനടപടികൾക്കായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്മാർട്ട് ക്ലാസ്സ് റൂം- സർക്കാർ ഉത്തരവിനു വിരുദ്ധമായി തുക ചെലവഴിച്ചു

| പ്രൊജക്ട് നം. | വകയിരുത്തിയ തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|
| S0027/18 | വികസന ഫണ്ട് | 330000 | ബിൽ നം.01 തീ:23.02.18 | 330000 |
| | തനത്ഫണ്ട് | 70000 | ചെക്ക് നം.0170979 തീ:26.02.18 | 44360 |
| | ആകെ | **400000** | ആകെ | **374360** |

വരവൂർ ഗവ.യു.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി ടി.സ്കൂളിലെ രണ്ട് ക്ലാസ്സ് മുറികളിൽ സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിന് 374360/- രൂപ ചെലവഴിച്ച് പദ്ധതി നടപ്പാക്കിയിരുന്നു. പദ്ധതിയുടെ ഭാഗമായി ലാപ്പ്ടോപ്പ്, മൾട്ടീമീഡിയ പ്രൊജക്ടർ, പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, വൈറ്റ് ബോർഡ്, ജഫേഴ്സൺ ചെയർ, കർട്ടൺ എന്നിവ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ടെൻഡർ മുഖേന കെ.എം.ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ..സി.ടി. ഹാർഡ്‌വേർ ഉപകരണങ്ങൾ വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് പൊതു

വിദ്യഭ്യാസ ഡയറക്ടറുടെ NEP3/40036/2017/DPI Dtd: 30.05.2017, NEP3/10192/2015/DPI Dtd:21.11.2016 -നമ്പർ ഉത്തരവുകൾ, സ.ഉ.(സാധാ) നം.460/2017/പൊ.വി.വ. തീയതി:20.02.17, സ.ഉ.(സാധാ) നം.2515/2017/പൊ.വി.വ. തീയതി:30.07.17 എന്നിവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടെൻഡറിൽ പങ്കെടുത്ത എല്ലാ സ്ഥാപനങ്ങളും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പരമാവധി വിലയേക്കാൾ ഉയർന്ന വിലയുള്ളതും രണ്ടു വർഷം വരെ മാത്രം വാറണ്ടി ഉള്ളതുമായ ഉപകരണങ്ങളാണ് ടെൻഡറിൽ ഉൾപ്പെടുത്തിയിരുന്നത്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്ന ടെൻഡറുകൾ ലഭിക്കാതിരുന്ന സാഹചര്യത്തിൽ റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല. പകരം വെണ്ണിക്കുളം ഗവ.പോളിടെക്നിക്ക് കോളേജിലെ സാങ്കേതിക വിദഗ്ധരടങ്ങിയ ഒരു സാങ്കേതിക സമിതി രൂപീകരിക്കുകയും ടെൻഡറുകൾ സമർപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളെ ഡെമോൺസ്ട്രേഷനു ക്ഷണിക്കുകയും ചെയ്തു. കെ.എം.ടെക്നോളജീസ് കോട്ടയം, ആർ.ജെ. എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങൾ സാങ്കേതിക സമിതിയ്ക്ക് മുമ്പിൽ ഡെമോൺസ്ട്രേഷനിൽ നടത്തുകയും സമിതിയുടെ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ കെ.എം.ടെക്ക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെൻഡർ കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. പദ്ധതി നിർവ്വഹണത്തിലുണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഐ.സി.ടി. ഉപകരണങ്ങൾ വാങ്ങിയതിന് സർക്കാർ ഉത്തരവുകൾ പ്രകാരം ചെലവഴിക്കാവുന്ന പരമാവധി തുകകളിൽ അധികം തുക ചെലവാക്കി

| ഉപകരണം | വാങ്ങലിനായി ചെലവഴിച്ച തുക | സർക്കാർ ഉത്തരവുകൾ പ്രകാരം ചെലവഴിക്കാവുന്ന പരമാവധി തുക | അധികമായി ചെലവഴിച്ച തുക |
|---|---|---|---|
| മൾട്ടീമീഡിയ പ്രൊജക്ടർ | 156800/- (2x78400) | 51260/- (2x25630) | 105540/- |
| പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ് | 10240/- (2x5120) | 9800/- (2x4900) | 440/- |
| ലാപ്പ്ടോപ്പ് | 45800/- (2x22900) | 57980/- (2x28990) | - |
| വൈറ്റ് ബോർഡ് | 16520/- (2x8260) | 15980/- (2x7990) | 540/- |
| ജഫേഴ്സൺ ചെയർ | 125000/- (50x2500) | - | - |
| കർട്ടൺ | 20000/- (2x10000) | - | - |
| ആകെ | **374360/-** | | **106520/-** |

2. എല്ലാ ഉപകരണങ്ങൾക്കും 5- വർഷത്തെ ഓൺസൈറ്റ് വാറന്റി ലഭ്യമാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. പ്രൊജക്ടറിന് 2-വർഷവും, ലാപ്പ് ടോപ്പിന് 1- വർഷവും വാറന്റിയാണ് ഉപകരണങ്ങൾ സപ്ലൈ ചെയ്ത കെ.എം.ടെക്നോളജീസ്, കോട്ടയം ടെൻഡർ രേഖകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മറ്റ് ഉപകരണങ്ങളുടെ വാറന്റി സംബന്ധിച്ച് ടെൻഡറിലോ കരാറിലോ പരാമർശിച്ചിട്ടില്ല.

3. ഹാർഡ്‌വേർ പരാതികൾ വിതരണക്കാർ 2- പ്രവർത്തി ദിവസങ്ങൾക്കകം അറ്റൻഡ് ചെയ്യേണ്ടതും പരമാവധി 5-പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കേണ്ടതുമാണെന്നും അല്ലാത്തപക്ഷം പ്രതിദിനം 100/- രൂപ നിരക്കിൽ, പരമാവധി ഉപകരണത്തിന്റെ വിലയുടെ 10% എന്ന നിലയിൽ പിഴ ഈടാക്കേണ്ടതുമാണെന്നും സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ ടി.വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12തീ:22.12.2018) മറുപടിയായി, മികച്ച ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ വാങ്ങുകയായിരുന്നെന്നും നിലവിൽ നല്ല രീതിയിലുള്ള വില്പനാനന്തര സേവനങ്ങൾ ലഭിക്കുന്നുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങൾ എറ്റവും പുതിയ സ്പെസിഫിക്കേഷനോടുകൂടിയവയാണ്. അവ ക്ലാസ്സ് മുറികളിൽ സ്ഥാപിച്ച് നല്ലരീതിയിൽ പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. എന്നാൽ സ്മാർട്ട് ക്ലാസ്സ് റൂമിന്റെ ആവശ്യങ്ങൾക്ക് അത്തരം ഉയർന്ന സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങളുടെ ആവശ്യമില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള പരിധിക്കുള്ളിൽ തുക

ചെലവഴിച്ചിരുന്നെങ്കിൽ മറ്റൊരു സ്കൂളിൽക്കൂടി സ്മാർട്ട് ക്ലാസ്സ്റൂം സജ്ജീകരിക്കുന്നതിനും കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭ്യമാക്കാനും സാധിക്കുമായിരുന്നു.

സ്മാർട്ട് ക്ലാസ്സ്റൂമുമായി ബന്ധപ്പെട്ട വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വാങ്ങലുകളിൽ നിർണ്ണായക പങ്ക് വഹിക്കേണ്ട പ്രൊക്യൂർമെന്റ് കമ്മിറ്റി 2017-18-ൽ ഒരിക്കൽ മാത്രമാണ് കൂടിയിട്ടുള്ളത്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 106520/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ പദ്ധതി നിർവ്വഹണത്തിൽ ആവർത്തിക്കാതെയിരിക്കാൻ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും ഇടപെടലും നിരീക്ഷണവും ഉണ്ടാകേണ്ടതാണ്.

## 3-2 പ്രോക്യൂർമെന്റ് മാനുവലിലെ വ്യവസ്ഥകൾ പാലിക്കാതെ 14.06 ലക്ഷം രൂപയുടെ വാങ്ങൽ നടത്തി

ജി.ഒ.(പി)259/2010/തസ്വഭവ, തീ. 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമായിരിക്കണം ഗ്രാമപ്പഞ്ചായത്ത് വാങ്ങലുകൾ നടത്തേണ്ടത്. എന്നാൽ പ്രസ്തുത മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടല്ല ഓഡിറ്റ് വർഷം ഗ്രാമപ്പഞ്ചായത്ത് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷം പ്രോക്യൂർമെന്റ് കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടില്ല. തൻവർഷം ഒരു തവണ മാത്രമാണ് (28.03.18) പ്രോക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. വിവിധ വാങ്ങലുകളുടെ ഭാഗമായി ലഭിച്ച ടെണ്ടറുകൾ ഒന്നും തന്നെ പ്രോക്യൂർമെന്റ് കമ്മിറ്റി അംഗങ്ങളുടെയും, സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങളുടെയും സാന്നിദ്ധ്യത്തിലല്ല തുറന്നിട്ടുള്ളത്. ലഭിച്ച ടെണ്ടറുകൾ ഒന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കുകയോ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. വ്യവസ്ഥകൾ പാലിക്കാതെ നടത്തിയിട്ടുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോ.നം. | പ്രോജക്ടിന്റെ പേര് | നിർവ്വഹണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 98/18 | കുടിവെള്ള ടാങ്ക് വിതരണം(എസ്.സി.പി) | വി.ഇ.ഒ | 300000 | 188937 |
| 7/18 | തെരുവ് വിളക്കുകൾക്ക് ബൾബുകളും ഫിറ്റിംഗ്സും വാങ്ങൽ | സെക്രട്ടറി | 398900 | 147410 |
| 135/18 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് ബാറ്ററി വാങ്ങൽ | സെക്രട്ടറി | 218141 | 156000 |
| 136/18 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ | സെക്രട്ടറി | 240000 | 231600 |
| 162/18 | എൻ.ആർ.ഇ.ജി.എസ് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ | സെക്രട്ടറി | 70000 | 60900 |
| 27/18 | സ്മാർട്ട് ക്ലാസ് റൂം | എച്ച്.എം | 400000 | 374360 |
| 30/18 | വായനശാലകൾക്ക് കസേര | എച്ച്.എം | 25000 | 23400 |
| 31/18 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ | എച്ച്.എം | 120000 | 120000 |

| | | | | |
|---|---|---|---|---|
| 131/18 | യൂത്ത് ക്ലബുകൾക്ക് സ്പോർട്ട്സ് ഉപകരണങ്ങൾ | എച്ച്.എം | 40000 | 30000 |
| 151/18 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | എച്ച്.എം | 75000 | 73470 |
| | | | 1887041 | 1406077 |

ജനപ്രതിനിധികളുടെയും, നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഫലപ്രദമായ ഏകോപനത്തിലൂടെയും, ജനകീയ മോണിറ്ററിംഗിന് കൂടുതൽ സാധ്യതകൾ തുറന്നു നൽകി വ്യക്തിഗതവും, കേന്ദ്രീകൃതവുമായ രീതി ഒഴിവാക്കുന്നതിലൂടെയും മാത്രമേ വാങ്ങലുകളിൽ മിതവ്യയം (economy), കാര്യക്ഷമത (efficiency), സുതാര്യത (temporary) എന്നിവ ഉറപ്പാക്കാനാവൂ. എന്നാൽ ഇപ്രകാരമൊരു ഏകോപനമില്ലാതിരുന്നതിനാൽ ഓഡിറ്റ് വർഷത്തെ വാങ്ങൽ നടപടികൾ സുതാര്യമായിരുന്നില്ല. സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള പല പ്രോജക്ടുകളുടെയും നിർവ്വഹണത്തിൽ അപാകതയുണ്ടായത് ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രോക്യൂർമെന്റ് നടപടിക്രമങ്ങളിലുണ്ടായിട്ടുള്ള അപാകതകൾക്ക് സെക്രട്ടറി/നിർവ്വഹണ ഉദ്യോഗസ്ഥരും, പഞ്ചായത്ത് ഭരണസമിതിയും തുല്യ ഉത്തരവാദികളാണ്. അപാകത തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങാതെ വീട് മെയിന്റനൻസിന് സബ്സിഡി നൽകി

വി.ഇ.ഓ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ വീട് മെയിന്റനൻസ് (ജനറൽ) (SO18/2018) എന്ന പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് 25000 രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്.( ആകെ ചെലവ് 910000 രൂപ) 2017-18 ലെ വാർഷിക പദ്ധതിയുടെ സബ്സിഡി സംബന്ധിച്ച് 3-4-17 ലെ സ.ഉ(എം.എസ്) 80/17/തസ്വഭവ ആയി പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താവ് നടത്തിയ വീട് മെയിന്റനൻസ് പ്രവൃത്തി സംബന്ധിച്ച് തദ്ദേശഭരണസ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിക്കേണ്ടത്. എന്നാൽ ഇപ്രകാരം വാല്യുവേഷൻ കണക്കാക്കാതെയാണ് തൻവർഷം 23 ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസിനായി ധനസഹായം നൽകിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനംപർ | ഗുണഭോക്താവിന്റെ പേര്, വിലാസം | പദ്ധതി പ്രകാരം നൽകിയ സബ്സിഡി | ബിൽ നമ്പർ/ ചെക്ക് നമ്പർ, തീയതി |
|---|---|---|---|
| 1 | പത്രോസ്, വട്ടകുന്നേൽ, വലിയകാവ് | 25000 | 3/12.10.17 |
| 2 | ശശികല, മുണ്ടക്കാട്ട്, പുല്ലൂപ്രം (പി.ഒ), വരവൂർ | 25000 | 7/21.11.17 |
| 3 | ഉസ്മാൻഖാൻ, മേലേവീട്ടിൽ, ഈട്ടിച്ചുവട് | 25000 | 6/13.11.17 |
| 4 | ഷൈനി ജോസഫ്, തൈപ്പറമ്പിൽ, നെല്ലിക്കമൺ | 25000 | 6/13.11.17 |
| 5 | മാധവൻനായർ, നിരന്നനിലത്ത്, പുല്ലുപ്രം (പി.ഒ) | 25000 | 6/13.11.17 |

| | | | |
|---|---|---|---|
| 6 | പൊന്നമ്മ, തറമണ്ണിൽ, പൂവന്മല | 25000 | 6/13.11.17 |
| 7 | ജ്യോതി എബ്രഹാം, വേലുകിഴക്കേതിൽ, അങ്ങാടി (പി.ഓ) | 15000 (ഒന്നാം ഗഡു മാത്രം ഇതുവരെ കൊടുത്തു) | 6/13-11-17 |
| 8 | ശശികുമാർ, ഗിരീഷ് നിവാസ്, വരവൂർ | 15000 (ഒന്നാം ഗഡു മാത്രം ഇതുവരെ കൊടുത്തു) | 6/13-11-17 |
| 9 | തങ്കമണി, കഴുത്തുട്ടുപുരയിടം, ഈട്ടിച്ചുവട് | 15000<br>10000 | 7/21.11.17<br>10/19.2.18 |
| 10 | ഷീജ വർഗീസ്, താഴോംപടിക്കൽ, ഈട്ടിച്ചുവട് | 15000<br>10000 | 7/21.11.17<br>16/26.3.18 |
| 11 | ലീലാമ്മ, വളയ്ക്കാട്ട്, പുല്ലുപ്രം | 15000<br>10000 | 7/21.11.17<br>16/26.3.18 |
| 12 | രാജൻ.പി.കെ, കറുകത്തറയിൽ, ഈട്ടിച്ചുവട് | 15000<br>10000 | 11/21.2.18<br>12/23.2.18 |
| 13 | ഏലിയാമ്മ കോശി, ഉള്ളിരിക്കൽ, ഈട്ടിച്ചുവട് | 15000 (ഒന്നാം ഗഡു മാത്രം ഇതുവരെ കൊടുത്തു) | 11/21.2.18 |
| 14 | എം.പി.മുരളീധരൻ, മരുതിമൂട്ടിൽ | 15000<br>10000 | 11/21.2.18<br>12/23.2.18 |
| 15 | മറിയാമ്മ ജോർജ്, പുത്തേത്ത് കാലായിൽ, ചെട്ടിമുക്ക് | 15000<br>10000 | 12/23.2.18<br>0170982/14.3.18 |
| 16 | അന്നമ്മ മാർക്കോസ്, കൊല്ലാർകുളം, നെല്ലിക്കമൺ | 15000<br>10000 | 12/23.2.18<br>0170982/14.3.18 |
| 17 | രാധാമണി.കെ.കെ, കരിങ്കുറ്റി തടത്തിൽ | 25000<br>(പണി ആരംഭിക്കാതെ മുഴുവൻ തുകയും കൈമാറി) | 12/23.2.18 |
| 18 | ബിന്ദു.എം.ആർ, പാറയ്ക്കനാലിൽ, അങ്ങാടി | 25000 | 12/23.2.18 |

| | | | |
|---|---|---|---|
| 19 | മറിയാമ്മ വർഗീസ്, വല്ല്യാനേത്ത്, അങ്ങാടി | 25000 | 0170982/14.3.18 |
| 20 | അമ്മിണി ശിവൻ, ചരളേൽ, മേമ്മുറി | 25000 | 0170982/14.3.18 |
| 21 | സതീദേവി, ചരളേൽ, അങ്ങാടി | 25000 | 0170990/23.3.18 |
| 22 | റോസമ്മ വർഗീസ്, പനച്ചിക്കുഴിയിൽ ഹൗസ്, നെല്ലിക്കമൺ | 25000 | 0170990/23.3.18 |
| 23 | രാജപ്പൻ, ഓലിക്കൽ കാലായിൽ, വലിയകാവ് | 25000 | 0170990/23.3.18 |

മേൽസൂചിപ്പിച്ച പട്ടികയിലെ ക്രമനംപർ 17 മുതൽ 23 വരെയുള്ള ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാതെ മുഴവൻ തുകയും അവർക്ക് ഒറ്റഗഡുവായി നൽകിയത് ക്രമവിരുദ്ധമാണ്. ചുവടെ പറയുന്ന 7 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയശേഷം 10 മാസങ്ങൾക്ക് ശേഷമാണ് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും മെയിന്റനൻസ് പ്രവൃത്തിയുടെ വാല്വേഷൻ കണക്കാക്കി വാങ്ങിയിട്ടുള്ളത്.

| ക്രമനംപർ | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ സബ്സിഡി | ബിൽനംപർ / ചെക്ക് നംപർ, തീയതി | വാല്വേഷൻ കണക്കാക്കിയ തീയതി |
|---|---|---|---|---|
| 1 | മിനി അനിൽ, പുള്ളിൽ ഹൗസ്, ഊന്നക്കാവ് (പി.ഓ), റാന്നി | 25000 | 12/23.2.18 | 26-12-18 |
| 2 | ആൻസി അനിൽ, തുളിമണ്ണിൽ, അങ്ങാടി | 15000<br>10000 | 6/13.11.17<br>0170982/14.3.18 | 26-12-18 |
| 3 | രാധാകൃഷ്ണൻ, തടത്തിൽ കിഴക്കേതിൽ, പുല്ലൂപ്രം | 15000 | 12/23-2-18 | 24-12-18 |
| 4 | പൊന്നമ്മ, മട്ടക്കോലിൽ, മണ്ണാറത്തറ | 25000 | 12/23-2-18 | 24-12-18 |
| 5 | എ.ആർ.ഗോപാലൻ, അയണിക്കൽ വീട്, അങ്ങാടി | 25000 | 12/23-2-18 | 26-12-18 |
| 6 | ഗ്രേസിമാത്യൂ, കോട്ടുപള്ളിൽ, ഈട്ടിച്ചുവട്, അങ്ങാടി | 25000 | 0170982/14.3.18 | 24-12-18 |
| 7 | മറിയാമ്മ ജോർജ്, പുത്തൻവീട്ടിൽ, അങ്ങാടി | 25000 | 0170982/14.3.18 | 26-12-18 |

ഈ വിഷയം സംബന്ധിച്ച് 26-12-18 ലെ 18 ാംനമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി,

ഗുണഭോക്താക്കൾ പ്രവൃത്തി ചെയ്തത് നേരിട്ട് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിരുന്നതാണെന്ന് ലഭിച്ച വിശദീകരണം അംഗീകരിക്കുന്നില്ല. ഗുണഭോക്താക്കൾ ചെയ്ത പ്രവൃത്തിയുടെ യഥാർത്ഥ വാല്യവേഷൻ കണക്കാക്കാതെ സബ്സിഡി അനുവദിച്ചത് ഗുരുതരമായ കൃത്യവിലോപമാണ്. ക്രമവിരുദ്ധമായി ചെലവഴിച്ച 545000 രൂപ (20X25000 + 3X15000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭരണസമിതി ഈ വിഷയത്തിന്മേൽ അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതും, യഥാർത്ഥ വാല്യവേഷനിൽ കൂടുതൽ സബ്സിഡി നൽകിയിട്ടുള്ളപക്ഷം, അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതുമാണ്.

## 3-4 കുടിവെള്ള പദ്ധതികൾ– നിർവ്വഹണം യഥാസമയം ആരംഭിച്ചില്ല, പാഴായത് 17 ലക്ഷം രൂപ

രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന ഗ്രാമപഞ്ചായത്തിൽ തൻവർഷം രണ്ട് കുടിവെള്ള പദ്ധതികൾ വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി ആവിഷ്കരിച്ചിരുന്നു. എന്നാൽ 5/17-ൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി നിർവ്വഹണ സ്ഥാപനമായ വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വച്ച് തുക കൈമാറുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല. തദ്ദേശഭരണ വകുപ്പിന്റെ 02/05/18-ലെ ഡി.എ1/439/2018/ത.സ്വ.ഭ.വ സർക്കുലർ അനുസരിച്ച് 2018ഏപ്രിൽ 1ന് മുൻപ് കരാറിൽ ഏർപ്പെട്ട പ്രോജക്ടുകൾ മാത്രമേ അധിക വിഹിതം ലഭിക്കുന്നതിന് അർഹതയുള്ള സ്പിൽ ഓവർ പ്രോജക്ടുകളായി പരിഗണിക്കുവാൻ കഴിയൂ. അല്ലാത്ത പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിന് 2018-19 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും തുക കണ്ടെത്തണം. യഥാസമയം പ്രോജക്ട് ആരംഭിക്കുവാൻ കഴിയാത്തതുമൂലം 2017-18-വിഹിതം നഷ്ടപ്പെട്ടുവെന്നത് മാത്രമല്ല 2018-19 വർഷം പ്രോജക്ടുകൾക്ക് വകയിരുത്തേണ്ട വിഹിതം ഈ പ്രോജക്ടുകൾക്കായി ചെലവഴിക്കേണ്ട അവസ്ഥയുമാണ് ഉണ്ടായിരിക്കുന്നത്. ഇതുമൂലം ഗ്രാമപഞ്ചായത്തിന്റെ നഷ്ടം ഇരട്ടിച്ചു. പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടുകളുടെ വിശദാംശം | വകയിരുത്തിയ തുക |
|---|---|
| വലിയകാവ് മണ്ണാറത്തറ ത്തുളിമൺ കുടിവെള്ള പദ്ധതി, 36/18 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 1000000 |
| പുള്ളോലി വളകൊടിക്കാവ് കുടിവെള്ള പദ്ധതി, 33/14 | വികസന ഫണ്ട്(ജനറൽ)- 700000 |
| ആകെ | 1700000 |

കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്ന സ്വകാര്യ വ്യക്തികളുടെ സ്ഥലം ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്യുന്നതിനുണ്ടായ കാലതാമസം മൂലമാണ് എഗ്രിമെന്റ് വയ്ക്കുന്നതിന് കാലതാമസമുണ്ടായതെന്ന് സെക്രട്ടറി അറിയിച്ചു. ഇക്കാര്യം കാണിച്ച് സ്പിൽ ഓവർ അനുമതിയ്ക്കായി കോർഡിനേഷൻ സമിതിയെ സമീപിച്ചെങ്കിലും സമിതി അനുമതി നിഷേധിച്ചു. വലിയകാവ് മണ്ണാറത്തറ ത്തുളിമൺ കുടിവെള്ള പദ്ധതിയ്ക്കായി നിശ്ചയിച്ച സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേരിൽക്കിട്ടി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 2018-19 വാർഷിക പദ്ധതി വിഹിതം ഉപയോഗിച്ച് വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കിയിട്ടുണ്ട്. സമയബന്ധിതമായി പ്രോജക്ട് നടപ്പിലായിരുന്നുവെങ്കിൽ പദ്ധതി തുക നഷ്ടപ്പെടില്ലായിരുന്നുവെന്ന് ഇതിൽ നിന്നും വ്യക്തമാണ്. യഥാസമയം പ്രോജക്ട് ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ പ്രോജക്ടുകൾ റിവൈസ് ചെയ്യുന്നതിനും നടപടികളുണ്ടായില്ല. നിർവ്വഹണത്തിലെ കാലതാമസം മൂലം ഫണ്ട് പാഴായത് തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ (എൽ.എസ്.ജി.ഡി) ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 പഞ്ചായത്തോഫീസ്- പുതിയ കെട്ടിടം നിർമ്മിച്ചെങ്കിലും അനുബന്ധസൗകര്യങ്ങൾ പൂർത്തീകരിച്ചില്ല

മുൻവർഷം ലോകബാങ്ക് ധനസഹായം ഉപയോഗിച്ച് പഞ്ചായത്തോഫീസിനായി നിർമ്മിച്ച കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഒരു ഹാളും സ്റ്റെയർകെയ്സ് മുറിയും പണിയുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ

ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇതേ ഇനം ഫണ്ട് വകയിരുത്തി ആകെ 1861731 രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങിയ പ്രവൃത്തി ഇ-ടെണ്ടർ മുഖേന കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. ഫിലിപ്പ് തോമസ്, പുത്തൻകയ്യാലയിൽ എന്ന കരാറുകാരനെ ഏൽപ്പിച്ചു. 23-3-18 ൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ ആകെ മൂല്യം 1701558 രൂപയാണ്. (ബിൽ നംപർ 7/21.11.17 872249 രൂപ, ബിൽ നംപർ 14/16.11.18 829309 രൂപ)

പരിമിതമായ സ്ഥലസൗകര്യം മാത്രമുള്ള പുതിയ കെട്ടിടത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനം, പഴയ കെട്ടിടത്തിൽ നിന്നുള്ള കോൺഫറൻസ് ഹാൾ മാറ്റി സ്ഥാപിക്കൽ, റെക്കോർഡ് റൂം തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ആയതിനാൽ പഞ്ചായത്തോഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഓഫീസായി പ്രവർത്തിക്കുന്ന പഴയ കെട്ടിടം ചോർന്നൊലിക്കുന്നതും ജീർണ്ണിച്ചതുമാണ്. ആയത് പരിഗണിച്ച് പുതിയ ഓഫീസ് കെട്ടിടത്തിന്റെ അനുബന്ധ സൗകര്യങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിന് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 കുടിവെള്ള ടാങ്ക് വിതരണം - കൈപ്പറ്റിയതിന്റെ രേഖയില്ല

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കുടിവെള്ള ടാങ്ക് വിതരണം ചെയ്യുന്നതിന് തൻവർഷം 300000 രൂപ അടങ്കൽ വകയിരുത്തി (SO98/18) പദ്ധതി നിർവ്വഹിച്ചിരുന്നു. വി.ഇ.ഓ നിർവ്വഹിച്ച പദ്ധതി ഇനത്തിൽ 63 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ കിക്കോ ബിസിനസ്സ് കോർപ്പറേഷൻ, അടൂർ എന്ന സ്ഥാപനത്തിൽ നിന്നും 500 ലിറ്റർ സംഭരണശേഷിയുള്ള വാട്ടർടാങ്ക് (AquaTech with ISO) 63 എണ്ണം നികുതികൾ ഉൾപ്പെടെ 3999 രൂപ നിരക്കിൽ വാങ്ങിയതിന് 251937 രൂപ സ്ഥാപനത്തിന് നൽകി (ബിൽ നംപർ 14/20-3-18 188937 രൂപ (വികസനഫണ്ട്), ചെക്ക് നംപർ 170997/ 28-3-18 (ഗുണ.വിഹിതം)).പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, വാങ്ങിയവയിൽ 6 എണ്ണം ഗുണഭോക്താക്കൾ കൈപ്പറ്റിയതായി രേഖകളില്ല. ആയതിൽ ഒരു വാട്ടർടാങ്ക് നാശം സംഭവിച്ച് ഉപയോഗപ്രദമല്ലാത്ത നിലയിൽ പഞ്ചായത്തോഫീസിന്റെ പുതിയ കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട്. കൈപ്പറ്റ് രേഖകൾ ഇല്ലാത്ത ബാക്കി 5 വാട്ടർ ടാങ്കുകൾ നൽകുന്നതിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | ഗുണഭോക്താവിന്റെ പേരും വിലാസവും |
|---|---|
| 1 | കൃഷ്ണൻകുട്ടി, ഊട്ടുപാറ തെക്കേചരുവിൽ (വാർഡ് 1) |
| 2 | രാധാകൃഷ്ണൻ, തെക്കേചരുവിൽ (വാർഡ് 10) |
| 3 | പി.കെ.സരോജിനി, പള്ളിപ്പുരയിടം, വലിയകാവ്(പി.ഓ), വാർഡ് 4 |
| 4 | റ്റി.കെ.വിജയൻ, തേക്കുംകാട്ടിൽ, ഈട്ടിച്ചുവട് |
| 5 | സി.കെ.രാജപ്പൻ, ചരളേൽ, ഈട്ടിച്ചുവട് |

കുടിവെള്ള വാട്ടർടാങ്ക് നിലവിൽ ഇല്ലാത്തതും, പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താവ് ആണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് വിധേയമാണ് സബ്സിഡി നൽകേണ്ടത് എന്ന് 3-4-17 ലെ സ.ഉ(എം.എസ്) 80/17/തസ്വഭവ നംപർ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതും പാലിച്ചിട്ടില്ല.ഈ വിഷയം സംബന്ധിച്ച് 26-12-17 ൽ 21 ാംനംപരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ അപാകതകൾ ഉടനടി പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. നാശം സംഭവിച്ച വാട്ടർ ടാങ്കിന് പകരമായി സപ്ലൈ ചെയ്ത സ്ഥാപനത്തിൽ നിന്നും പുതിയത് ഇതേവരെ വാങ്ങാത്ത സാഹചര്യത്തിൽ ആയതിന് ചെലവഴിച്ച തുക 3999 രൂപ ഫണ്ട് നഷ്ടം ആയി വിലയിരുത്തി ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ നിർവ്വഹണ

ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ബാക്കി 5 വാട്ടർ ടാങ്കുകൾ കൈപ്പറ്റിയതായുള്ള രേഖകളുടെ അഭാവത്തിൽ ആയതിന് ചെലവഴിച്ച 19995 രൂപ (5X3999) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൈപ്പറ്റുരേഖകൾ അടിയന്തിരമായി ഹാജരാക്കി ഓഡിറ്റ് തടസ്സം തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ' ആശ്രയ ', ' ബാലസഭ ' പദ്ധതികളുടെ വിഹിതം കൈമാറിയെങ്കിലും സി.ഡി.എസ്സ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തില്ല

വി.ഇ.ഓ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള ആശ്രയ പദ്ധതിവിഹിതം, ബാലസഭ എന്നീ പദ്ധതികൾ പ്രകാരം യഥാക്രമം 200000 രൂപയും (ബിൽ നംപർ 2/ 12-10-17) 40000 രൂപയും (ബിൽ നംപർ 7/26-3-18) സി.ഡി.എസ് അക്കൗണ്ടിലേക്ക് (യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, റാന്നി ബ്രാഞ്ച്, അക്കൗണ്ട് നംപർ 09027) ട്രാൻസ്ഫർ ചെയ്യുന്നതിന് പിൻവലിച്ചിട്ടുണ്ട്. എന്നാൽ ടി തുകകൾ നാളിതുവരെ സി.ഡി.എസ്സ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. എന്നാൽ ട്രഷറിയുമായി ബന്ധപ്പെട്ട് തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആക്കുന്നതിന് നാളിതുവരെ ഫലപ്രദമായ നടപടി സ്വീകരിക്കാത്തത് വി.ഇ.ഓയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപം ആണ്. ഈ വിഷയത്തിൽ 26-12-17 ലെ 22 ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ട്രഷറിയുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിനും തുക സി.ഡി.എസ് അക്കൗണ്ടിൽ ക്രെഡിറ്റ് വരുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അതുവരെ ചെലവുതുക 240000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 പട്ടികജാതി വിഭാഗത്തിന് ഓട്ടോറിക്ഷ – സബ്സിഡി ഗുണഭോക്താവിന് നേരിട്ട് നൽകി

പട്ടികജാതി വിഭാഗത്തിന് ഓട്ടോറിക്ഷ വാങ്ങുന്നതിനായുള്ള ധനസഹായം ഇനത്തിൽ 2 ലക്ഷം രൂപ അടങ്കൽ വകയിരുത്തി വി.ഇ.ഓ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി (SO99/18) നടപ്പാക്കിയിരുന്നു. പദ്ധതി പ്രകാരം സുനോജ്.പി.ജി, പുത്തേത്ത് കാലായിൽ, അങ്ങാടി പി.ഓ, റാന്നി എന്ന ഗുണഭോക്താവിന് 50000 രൂപ സബ്സിഡി നൽകിയിട്ടുണ്ട് (ബിൽ നംപർ 15/ 20-2-18). യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, റാന്നി ബ്രാഞ്ചിൽ പദ്ധതി പ്രകാരം എടുത്ത വായ്പയുമായി ബന്ധപ്പെട്ടാണ് സബ്സിഡി അനുവദിച്ചത്. എന്നാൽ പ്രസ്തുത ലോൺ അക്കൗണ്ടിന് പകരം (ലോൺ അക്കൗണ്ട് നംപർ 0000182) ഗുണഭോക്താവിന്റെ പേരിൽ ഇതേ ബാങ്കിലുള്ള എസ്.ബി.അക്കൗണ്ടിലേക്കാണ് (എസ്.ബി.അക്കൗണ്ട് നംപർ 504902010011773) തുക ട്രാൻസ്ഫർ ചെയ്തത്. ആയത് ക്രമപ്രകാരമല്ല. ബാങ്കിന്റെ ലോൺഅക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്ത് ക്രമീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. അതുവരെ ചെലവുതുക 50000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 യൂത്ത് ക്ലബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്തു

| പ്രൊജക്ട് നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക | |
|---|---|---|---|
| S00131/18 | 40000 (വികസന ഫണ്ട്) | ബിൽ നം.02 തീ:23.02.18 | 30000 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് യുവജന ക്ലബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ നൽകുന്നതിന് ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. കിക്കോ സ്പോർട്സ്, അടൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെൻഡർ നടപടികളിലൂടെ 30000/- രൂപ വില വരുന്ന ചുവടെ കൊടുത്തിരിക്കുന്ന ഉപകരണങ്ങൾ വാങ്ങി 7- സ്പോർട്സ് ക്ലബുകൾക്കായി വിതരണം നടത്തിയിട്ടുണ്ട്.

| ഇനം | എണ്ണം |
|---|---|
| ഫുട്ബാൾ | 7 |

| | |
|---|---|
| വോളിബാൾ | 7 |
| ബാസ്കറ്റ് ബാൾ | 7 |
| ഷട്ടിൽ ബാറ്റ് | 12 |
| വോളിബാൾ നെറ്റ് | 7 |
| ഷട്ടിൽ നെറ്റ് | 7 |

ഓരോ ക്ലബിനും 4000- ത്തിലധികം രൂപയുടെ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ നൽകുന്നത് സംബന്ധിച്ച് ജി.ഒ(എം.എസ്) നം.80/2017/ത.സ്വ.ഭ.വ തീ:03.04.2017- പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. എല്ലാ ക്ലബുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചുവേണം പദ്ധതി നടപ്പിലാക്കേണ്ടതെന്ന നിർദ്ദേശം പാലിക്കപ്പെട്ടില്ല. അപേക്ഷ സമർപ്പിച്ച ക്ലബുകളിൽ നിന്നും അവരുടെ ആവശ്യത്തിനും സാദ്ധ്യതയ്ക്കും അനുസരിച്ചുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി വാങ്ങിയില്ല. യുവജന ക്ലബുകളുടെ ഏകോപന സമിതിയുമായി ആലോചിച്ചാവണം കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് . എന്നാൽ പഞ്ചായത്തിൽ അത്തരം സമിതി രൂപീകരിച്ചിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന യൂത്ത് ക്ലബുകളുടെ സഹകരണത്തോടെ കായികവികസനം സാദ്ധ്യമാക്കുന്നതിനും യൂത്ത് ക്ലബുകൾ തമ്മിലുള്ള സഹകരണം വിപുലീകരിക്കുന്നതിനും യൂത്ത് ക്ലബുകളുടെ ഏകോപനസമിതി രൂപീകരിക്കോണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം, ഒരു സംഘടനയ്ക്ക് പരമാവധി 2000/- രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ നൽകാവുന്നതാണ്. എന്നാൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ 7-ക്ലബുകൾക്ക് 30000/-രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. 7-ക്ലബുകൾക്ക് പരമാവധി നൽകാവുന്നത് 14000/- രൂപയുടെ ഉപകരണങ്ങൾ മാത്രമാണ്.കൂടാതെ സ്പോർട്സ് ഉപകരണങ്ങളുടെ കൃത്യമായ വിതരണ രേഖകളും ഹാജരാക്കിയിട്ടില്ല. മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി 16000/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12 തീ:22.12.2018), പഞ്ചായത്തിന്റെ സ്വന്തം ടീമുകളെ തിരഞ്ഞെടുക്കുന്നതിനാണ് ഉപകരണങ്ങൾ വാങ്ങിയതെന്നും അപേക്ഷ സമർപ്പിച്ച ക്ലബുകളുടെ ആവശ്യങ്ങൾക്കനുസരിച്ചാണ് ഉപകരണങ്ങൾ നൽകിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച 16000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുമ്പോൾ അപാകതകൾ ആവർത്തിക്കാതെയിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 ഡെപ്പോസിറ്റ് പ്രവൃത്തികൾ - മുൻകൂറായി നൽകിയ 30.74 ലക്ഷം രൂപയുടെ വിനിയോഗ രേഖകളില്ല

ഗ്രാമപഞ്ചായത്ത് 2015-16, 2016-17, 2017-18 വർഷങ്ങളിൽ വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ്, കെ.എസ്.ഇ.ബി തുടങ്ങിയ നിർവ്വഹണ ഏജൻസികളിൽ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 30.74 ലക്ഷം രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ നിലവിൽ ഏതവസ്ഥയിലാണ് എന്നത് സംബന്ധിച്ച രേഖകളൊന്നും തന്നെ ഗ്രാമപഞ്ചായത്തിലില്ല. നിർവ്വഹണ സ്ഥാപനത്തിൽ നിന്നുമുള്ള പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും നാളിതുവരെ വാങ്ങി സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്റ്റിന്റെ പേര് | അടവാക്കിയ തുക | വൗച്ചർ നം/ തീയതി . | നിർവ്വഹണ സ്ഥാപനം |
|---|---|---|---|---|---|
| 1 | 57/16 | കുഴൽക്കിണർ നിർമ്മാണം | 137088 | 21500646/ 27.02.16 | ഭൂജല വകുപ്പ്, പത്തനംതിട്ട |
| 2 | 79/16 | വെളിയത്ത്പടി പ്രാവിൻകൂട് പൈപ്പലൈൻ ദീർഘിപ്പിക്കൽ | 100000 | 21500294/ 20.0815 | വാട്ടർ അതോറിറ്റി |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 3 | 80/16 | പുളിമുക്ക് കാത്തോലിക്കാപള്ളിപ്പടി പൈപ്പലൈൻ ദീർഘിപ്പിക്കൽ | 100000 | 21500295/ 20.08.15 | വാട്ടർ അതോറിറ്റി |
| 4 | 112/16 | എബനേസർപടി ഏഴോലിസ്കൂൾപടി സ്ട്രീറ്റ് ലൈൻ | 49922 | 21500296/ 20.08.15 | വാട്ടർ അതോറിറ്റി |
| 5 | 113/16 | കോവേലിപ്പടി എബനേസർ സ്കൂൾപടി സ്ട്രീറ്റ് ലൈൻ | 49922 | 21500298/ 20.08.15 | കെ.എസ്.എ.ബി. |
| 6 | 116/16 | തേക്കാട്ടിൽപടിമുണ്ടക്കാട്ടുപടി സ്ട്രീറ്റ് ലൈൻ | 49922 | 21500299/ 20.08.15 | കെ.എസ്.എ.ബി. |
| 7 | 117/16 | ചിരട്ടോലിപ്പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ബാലൻസ് വർക്ക് | 11000 | 21500297/ 20.08.15 | കെ.എസ്.എ.ബി. |
| 8 | 121/16 | വടക്കേമണ്ണിൽ വടക്കേക്കുറ്റ് പടി സ്ട്രീറ്റ് ലൈൻ | 44908 | 21500300/ 20.08.15 | കെ.എസ്.എ.ബി. |
| 9 | 122/16 | മണ്ണാറത്തറ കുന്നലേത്ത്പടിസ്ട്രീറ്റ് ലൈൻ | 29975 | 21500301/ 20.08.15 | കെ.എസ്.എ.ബി. |
| 10 | 123/16 | മണ്ണാറത്തറ വടക്കത്ര ഇടമണ്ണിൽപടി സ്ട്രീറ്റ് ലൈൻ | 69860 | 21500302/ 20.08.15 | കെ.എസ്.എ.ബി. |

| | | | | | |
|---|---|---|---|---|---|
| 11 | 24/17 | വാഴക്കാലാപ്പടി-പുല്ലംപള്ളിപ്പടി സ്ട്രീറ്റ് ലൈൻ | 21315 | 21600779/ 31.03.2017 | കെ.എസ്.ഇ.ബി |
| 12 | 25/17 | പാറക്കുളം-കരുവേലിപ്പടി സ്ട്രീറ്റ് ലൈൻ | 22050 | 21600776/ 31.03.2017 | കെ.എസ്.ഇ.ബി |
| 13 | 131/17 | ഓറേത്ത്പടി-ചേലക്കാട്ട്തടം സ്ട്രീറ്റ് | 54075 | 21600827/ 31.03.2017 | വാട്ടർ അതോറിറ്റി |

| | | | | | |
|---|---|---|---|---|---|
| | | ലൈൻ എക്സ്റ്റൻഷൻ | | | |
| 14 | 135/17 | തെക്കേക്കാലപ്പടി-പൂവൻമല സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 23625 | 21600828/ 31.03.2017 | കെ.എസ്.ഇ.ബി |
| 15 | 137/17 | ചെറിയമൂഴിയിൽപടി-അയന്തിയിൽപടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 24675 | 21600829/ 31.03.2017 | കെ.എസ്.ഇ.ബി. |
| 16 | 138/17 | കണ്ണാത്ത്പടി-വാഴയിൽപടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 18900 | 21600831/ 31.03.2017 | കെ.എസ്.ഇ.ബി. |
| 17 | 142/17 | പൂവൻമല-ചിരട്ടോലി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 34650 | 21600780/ 31.03.2017 | വാട്ടർ അതോറിറ്റി |
| 18 | 143/17 | നെല്ലിക്കമൺ പോസ്റ്റ് ഓഫീസ്പടി-മുക്കൂട്ടുതറ റോഡ് സ്ട്രീറ്റ് ലൈൻ | 42000 | 21600778/ 31.03.2017 | കെ.എസ്.ഇ.ബി. |
| 19 | 149/17 | പുള്ളോലി നെല്ലിക്കമൺ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 51540 | 21600832/ 31.03.2017 | കെ.എസ്.ഇ.ബി. |
| 20 | 150/17 | തുക്കോമല ട്രാൻസ്ഫോർമർപടി-മേപ്രത്ത്പടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 52500 | 21600813/ 31.03.2017 | കെ.എസ്.ഇ.ബി. |
| 21 | 151/17 | തുക്കോമല ട്രാൻസ്ഫോർമർപടി-മുസ്ലീംപള്ളിപടിസ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 94500 | 21600795/ 31.03.2017 | കെ.എസ്.ഇ.ബി. |
| 22 | 152/17 | മേപ്രത്ത്പള്ളിപടി-കത്തോലിക്കാപള്ളിപടി | 31500 | 21600796/ 31.03.2017 | കെ.എസ്.ഇ.ബി. |

| | | | | | |
|---|---|---|---|---|---|
| 23 | 153/17 | മേലേവീട്ടിൽപടി-കല്ലിരിക്കുന്നിൽപടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 52500 | 21600797/ 31.03.2017 | കെ.എസ്.ഇ.ബി. |
| 24 | 154/17 | എബനേസർപടി-ചിറയിൽപടി സ്ട്രീറ്റ് ലൈൻ | 28350 | 21600798/ 31.03.2017 | കെ.എസ്.ഇ.ബി. |
| 25 | 155/17 | ചവറംപ്ലാവ്-പുതുവൽപടി സ്ട്രീറ്റ് ലൈൻ | 63000 | 21600799/ 31.03.2017 | കെ.എസ്.ഇ.ബി. |
| 26 | 156/17 | പൂവൻമല-കണക്കമൺ ലക്ഷംവീട് കോളനി സ്ട്രീറ്റ് ലൈൻ | 53550 | 21600800/ 31.03.2017 | കെ.എസ്.ഇ.ബി. |
| 27 | 157/17 | ചവറംപ്ലാവ്-കളക്കുറ്റി സ്ട്രീറ്റ് ലൈൻ | 99750 | 21600801/ 31.03.2017 | കെ.എസ്.ഇ.ബി. |
| 28 | 158/17 | ഏഴോലി കൊമ്പൻകുഴിപടി സ്ട്രീറ്റ് ലൈൻ | 73500 | 21600802/ 31.03.2017 | കെ.എസ്.ഇ.ബി. |
| 29 | 159/17 | മോടിയിൽപടി-പുല്ലംപള്ളിപടി സ്ട്രീറ്റ് ലൈൻ | 16800 | 21600803/ 31.03.2017 | കെ.എസ്.ഇ.ബി. |
| 30 | 160/17 | മണ്ണാറത്തറ-പാലത്തിങ്കൽപടി സ്ട്രീറ്റ് ലൈൻ | 14700 | 21600804/ 31.03.2017 | കെ.എസ്.ഇ.ബി. |
| 31 | 161/17 | ആറോന്നിൽപടി-വടക്കേമണ്ണിൽപടി സ്ട്രീറ്റ് ലൈൻ | 18900 | 21600805/ 31.03.2017 | കെ.എസ്.ഇ.ബി. |
| 32 | 162/17 | ഏഴോലിസ്കൂൾ–മരോട്ടിപതാൽ സ്ട്രീറ്റ് ലൈൻ | 19950 | 21600806/ 31.03.2017 | കെ.എസ്.ഇ.ബി. |

| | | | | | |
|---|---|---|---|---|---|
| 33 | 163/17 | തുളിമൺ–ചിറയ്ക്കൽപടി സ്ട്രീറ്റ് ലൈൻ | 35700 | 21600807/ 31.03.2017 | കെ.എസ്.ഇ.ബി. |
| 34 | 164/17 | മുക്കരണത്ത്പടി-എബനേസർ കോർട്ട് സ്ട്രീറ്റ് ലൈൻ | 18900 | 21600808/ 31.03.2017 | കെ.എസ്.ഇ.ബി. |
| 35 | 165/17 | ഐക്കാട്ടമണ്ണില്്– മണിമലേത്ത്പടി സ്ട്രീറ്റ് ലൈൻ | 42000 | 21600809/ 31.03.2017 | കെ.എസ്.ഇ.ബി. |
| 36 | 166/17 | മർത്തോമപള്ളിപടി-മുളംപള്ളിപടി സ്ട്രീറ്റ് ലൈൻ | 29400 | 21600810/ 31.03.2017 | കെ.എസ്.ഇ.ബി. |
| 37 | 167/17 | ചിറയ്ക്കൽപടി-ചേലുങ്കൽപടി പൈമാ റോഡ് സ്ട്രീറ്റ് ലൈൻ | 44000 | 21600811/ 31.03.2017 | കെ.എസ്.ഇ.ബി. |
| 38 | 168/17 | കോയിക്കലേത്തുപടി-വലിയപറമ്പിൽപടി സ്ട്രീറ്റ് ലൈൻ | 18550 | 21600812/ 31.03.2017 | കെ.എസ്.ഇ.ബി. |
| 39 | 169/17 | പുല്ലംപള്ളിസ്കൂൾ റോഡ് സ്ട്രീറ്റ് ലൈൻ | 33705 | 21600813/ 31.03.2017 | കെ.എസ്.ഇ.ബി. |
| 40 | 170/17 | പുല്ലംപള്ളിപടി-മഞ്ഞുമാക്കൽപടി പൈപ്പ് ലൈൻ | 100000 | 21600814/ 31.03.2017 | കേരള വാട്ടർ അതോറിറ്റി |
| 41 | 110/18 | കാവുങ്കൽ പടി-കുന്നുംപുറത്ത് പടി സ്ട്രീറ്റ് ലൈറ്റ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 47775 | 29/7.10.17 | കെ.എസ്.ഇ.ബി |
| 42 | 112/18 | പുള്ളോലി പീടികപ്പടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 18900 | 30/09.10.17 | കെ.എസ്.ഇ.ബി |

| | | | | | |
|---|---|---|---|---|---|
| 43 | 113/18 | മുളേക്കുന്നത്ത് പടി പി.സി.ഹൈസ്കൂൾ മുകൾ ഭാഗം കണ്ണാത്ത് മുറിപടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 26250 | 31/09.10.17 | കെ.എസ്.ഇ.ബി |
| 44 | 159/18 | 12ാം വാർഡിൽ വൈദ്യുതലൈൻ ദീർഘിപ്പിക്കൽ ബാക്കി തുക | 16119 | 72/05.12.17 | കെ.എസ്.ഇ.ബി |
| 45 | 11/18 | തെരുവ് വിളക്ക് സ്ഥാപിക്കൽ | 1088015 | 72/5.12.17<br>28/18.07.17 | കെ.എസ്.ഇ.ബി |
| | | ആകെ | 3074241 | | |

നിയമാനുസൃതമുള്ള എഗ്രിമെന്റ് ചമക്കാതെയാണ് തുക കൈമാറിയിരിക്കുന്നത്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ നിർവ്വഹണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-11 വായനശാലകൾക്ക് പ്രസിദ്ധീകരണങ്ങൾ - വികസനഫണ്ട്ചെലവഴിച്ചത് ക്രമപ്രകാരമല്ല

| പ്രൊജക്ട് നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക | |
|---|---|---|---|
| S0029/18 | 30000 (വികസന ഫണ്ട്) | ബിൽ നം.07 തീ:31.03.18 | 30000 |

വരവൂർ ഗവ.യു.പി.എസ്. ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 3- വായനശാലകൾക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങുന്നതിന് വികസനഫണ്ടിൽ നിന്നും 30000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ചുവടെ കൊടുത്തിരിക്കുന്ന ഗ്രന്ഥശാലകൾക്ക് 10000/- രൂപ വീതമാണ് നൽകിയിട്ടുള്ളത്.

1. പി.ജെ.തോമസ്സ് മെമ്മോറിയൽ ക്ലബ് ലൈബ്രറി, അങ്ങാടി പി.ഓ

   രജി.നം. 4018

2. വിദ്യോദയം വായനശാല, വലിയകാവ്,റാന്നി

   രജി.നം. 1800

3. പുഷ്പ ലൈബ്രറി ആർട്സ് & സ്പോർട്സ് ക്ലബ്, തൃക്കോമല, ഈട്ടിച്ചുവട്

   രജി.നം. 05RNI3591

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ലൈബ്രറികളുടെയും വികസനപ്രവർത്തനങ്ങൾക്ക്ശേഷം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഫർണ്ണീച്ചർ, കെട്ടിടം എന്നിവയുൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള പദ്ധതികൾ പരിഗണിക്കാവുന്നതാണെന്ന് ജി.ഒ(എം.എസ്) നം.72/2017 /ത.സ്വ.ഭ.വ തീ:29.03.2017-പ്രകാരമുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളുടെ നടത്തിപ്പിന് വേണ്ടി കൗൺസിൽ വിവിധ ഗ്രാന്റുകൾ നൽകുന്നുണ്ട് . അത്തരം ഗ്രന്ഥശാലകൾക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങുന്നതിന് വികസനഫണ്ടിൽ നിന്നും തുക അനുവദിച്ച് നൽകാൻ പാടില്ലാത്തതായിരുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതെയിരിക്കാൻ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-12 ജി.എസ്.റ്റി. രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിൽനിന്നും വാങ്ങൽ നടത്തി

| പ്രോജക്ട് നം- | 7/18 |
|---|---|
| അടങ്കൽ | 398900 |
| ചെലവ് | 147410 |
| ബിൽ നം/തീയതി | 54/18 തീ.23.11.17 |

സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ടിന്റെ ഭാഗമായി ഓഡിറ്റ് വർഷം തെരുവ് വിളക്കുകൾക്കാവശ്യമായ 147410രൂപയുടെ സ്പെയർ പാർട്ട്സുകൾ വാങ്ങിയിരിക്കുന്നത് റാന്നി അങ്ങാടിയിലുള്ള ഗ്രേസ് ഇലക്ട്രിക്കൽസ് എന്ന ജി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിൽ നിന്നാണ്. 30/8/2018-നാണ് ഈ സ്ഥാപനം ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിരിക്കുന്നത്. സർക്കാർ ഡിപ്പാർട്ട്മെന്റുകൾ ജി.എസ്.റ്റി. രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങളിൽനിന്നു വേണം വാങ്ങൽ നടത്താൻ. ടാക്സ് ഉൾപ്പടെയുള്ള തുക ക്വോട്ട് ചെയ്യുകയും എന്നാൽ നികുതി പ്രത്യേകം കാണിക്കാതെ ക്യാഷ് ബിൽ നൽകുകയുമാണ് സ്ഥാപനം ചെയ്തിരിക്കുന്നത്. ഈ പ്രോജക്ട് സ്പിൽ ഓവർ ആയി 2018-19 വർഷവും തുടരുന്നുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-13 ODF പ്രോഗ്രാം- 10.32 ലക്ഷം രൂപ നിഷ്ക്രീയമായി കിടക്കുന്നു

സംസ്ഥാനത്തെ പൂർണ്ണമായും ODF(Open defication free) ആയി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് കക്കൂസ് നിർമ്മാണം പൂർത്തിയാക്കുന്നതിനായി ത്രിതല പഞ്ചായത്തുകൾക്ക് തങ്ങളുടെ വികസന ഫണ്ടിൽ നിന്നും അധിക തുക വകയിരുത്തി ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ട് നിർവ്വഹണം നടത്തുന്നതിനും പിന്നീട് സർക്കാരിൽ നിന്നും ഫണ്ട് പഞ്ചായത്തുകൾക്ക് റീ ഇംബേഴ്സ്മെന്റ് ചെയ്ത് നൽകുന്നതിനും സ.ഉ(സാധാ)2537/16/ത.സ്വ.ഭ.വതീയതി 27/08/16 പ്രകാരം അനുമതി നൽകിയിരുന്നു. . ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത് ശുചിത്വമിഷന് നൽകിയ 10,32,000 രൂപ തിരികെ ലഭിച്ചെങ്കിലും 2016-17, 2017-18 വർഷങ്ങളിലെ പദ്ധതിയിൽ വകയിരുത്തിയില്ല. പ്രസ്തുത തുക തനത് ഫണ്ട് നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ആയതിനാൽ വികസന ഫണ്ട് ഫണ്ട് ചെലവഴിച്ചതിന് പകരമായി ലഭിച്ച ഫണ്ടുപയോഗിച്ച് ആ മേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ -ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് നൽകി

| പ്രൊജക്ട് നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക | |
|---|---|---|---|
| S0031/18 | 120000 (എസ്.സി.പി) | ബിൽ നം.02 തീ:23.02.18 | 120000 |

വരവൂർ ഗവ.യു.പി.എസ്. ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതി പ്രകാരം

8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന 25- പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയിരുന്നു. 10- ആൺകുട്ടികൾക്ക് ഹീറോ റെയ്ഞ്ചർ സൈക്കിൾ 4969/- രൂപ നിരക്കിലും 15- പെൺകുട്ടികൾക്കായി ബി.എസ്.എ. ലേഡി ബേർഡ് സൈക്കിൾ 4997/- രൂപ നിരക്കിലും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ദി സൈക്കിൾ & മോട്ടോർ ട്രേഡേഴ്സ് , പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്നും ടെൻഡർ മുഖേന വാങ്ങിയ സൈക്കിളുകളുടെ ആകെ ബിൽതുക 124645/-രൂപയാണെങ്കിലും പദ്ധതിയിൽ വകയിരുത്തിയ 120000/- രൂപ മാത്രമാണ് സപ്ലൈയർക്ക് നൽകിയിട്ടുള്ളത്.

പദ്ധതി പ്രകാരം സൈക്കിളുകൾ നൽകിയ ചുവടെ കൊടുത്തിരിക്കുന്ന വിദ്യാർത്ഥികൾ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരല്ല.

1. ആര്യാ രാജേന്ദ്രൻ, D/o രാജേന്ദ്രൻ പി.എൻ

   ശാസ്താംകോവിൽ, അങ്ങാടി

2. വിജിൽ രവികുമാർ, S/o രവികുമാർ

   കല്ലുപറമ്പിൽ, അങ്ങാടി

3. അഞ്ജലി മോഹനൻ, D/o മോഹനൻ എം.ആർ.

   മോടികിഴക്കേതിൽ, ഇടമൺ പി.ഒ

അഞ്ജലി മോഹനൻ എന്ന വിദ്യാർത്ഥിനി ഹാജരാക്കിയിട്ടുള്ള രേഖകൾ (റേഷൻ കാർഡ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ) പ്രകാരം ടിയാൻ റാന്നി-പഴവങ്ങാടി പഞ്ചായത്തിലെ താമസക്കാരിയാണ്. പഞ്ചായത്ത് തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യങ്ങൾ നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(12/22.10.17) 3 വിദ്യാർത്ഥികളും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. ബഹു. കേരള ഹൈക്കോടതിയുടെ 04/04/97-ലെ ഒ.പി.18175/96/എൻ നമ്പർ കേസിലെ വിധിന്യായത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം ഗ്രാമസഭയ്ക്ക് മാത്രമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മേൽ സൂചിപ്പിച്ച 3- വിദ്യാർത്ഥികളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ സൈക്കിൾ നൽകുന്നതിനായി ചെലവഴിച്ച 14963/-((2x4997)+4969) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 പൊതു ടാപ്പുകളുടെ വെള്ളക്കരം -പഞ്ചായത്തിന് പ്രതിവർഷ ബാദ്ധ്യത 12.7ലക്ഷം

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. 228ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 1272500/ രൂപയാണ് 2017-18 ഒടുക്കിയത്. വൻതുകയാണ് പ്രതിവർഷം ചെലവഴിക്കുന്നതെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഒരു തലത്തിലും പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നില്ല. സംയുക്തപരിശോധന നടത്തി ജലലഭ്യതയുള്ള വാട്ടർ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല.

കുടിവെള്ള പദ്ധതികളെക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) 80/2017/തസ്വഭവ തീയതി 30.04.2017 ഖണ്ഡിക 8.5കുറിപ്പ് 2 പ്രകാരം പൊതുടാപ്പുകൾ നൽകാൻ പാടില്ലാത്തതും പകരം ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ ഗാർഹിക കണക്ഷന് പ്രധാന്യം നൽകി, പഞ്ചായത്തിന്റെ തനത് വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കി പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടുവരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുഗുണമായിരിക്കും.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭണസമിതി ഭാഗത്തുനിന്നും ക്രീയാത്മക നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-16 വെള്ളക്കരക്കുടിശ്ശിക യഥാസമയം ഒടുക്കിയില്ല-പലിശ ഇനത്തിൽ അധിക ബാധ്യത 2.67 ലക്ഷം രൂപ

വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിന് നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരം ഏപ്രിൽ 2017-ൽ വാട്ടർ ചാർജ് ഇനത്തിൽ 1123375 രൂപ കുടിശ്ശികയുണ്ട്. മാർച്ച് 2018 ആകുമ്പോഴേക്കും ഈ കുടിശ്ശിക 1390868 രൂപയായി വർദ്ധിച്ചു. പലിശ ഇനത്തിൽ ഒരു വർഷം വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തത് 267593 രൂപയാണ്. കുടിശ്ശിക ഏതുകാലയളവിലേതാണ് എന്നത് സംബന്ധിച്ച് വ്യക്തതയില്ല. കുടിശ്ശിക ഒടുക്കാതെ തൻ വർഷത്തെ ഡിമാന്റ് തുക മാത്രം ഗ്രാമപഞ്ചായത്ത് ഒടുക്കി വരികയാണ്. 2017-18 കാലയളവിൽ 1.5 കോടിയിലധികം രൂപ ഗ്രാമപഞ്ചായത്തിന് തനത് ഫണ്ട് നീക്കിയിരുപ്പുണ്ടായിരുന്നു. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുപോലും വാട്ടർ ചാർജ് കുടിശ്ശിക ഒടുക്കാതിരുന്നത് അധികൃതരുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. 2018-19 വർഷത്തെ പൊതു ഉദ്ദേശ ഗ്രാന്റ് വിഹിതത്തിൽ നിന്നും വാട്ടർ ചാർജ് കുടിശ്ശിക സോഴ്സ് റിക്കവറി ആയി കുറവ് ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. യഥാസമയം വാട്ടർചാർജ് കുടിശ്ശിക ഒടുക്ക് വരുത്താതെ ഗ്രാമപഞ്ചായത്തിന് അധിക ബാധ്യതയുണ്ടാക്കിയത് തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-17 പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ. ഉ (പി)നം.7/2016/ഫിൻ തീ. 20.01.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 1, 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശമ്പളപരിഷ്കരണ ഉത്തരവ് ഖണ്ഡിക48 പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ഒന്നാം ഗഡുവായി അനുവദിച്ച കുടിശ്ശികയുടെ അടിസ്ഥാനത്തിലുള്ള പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചിട്ടുണ്ട്.

| ക്രമനമ്പർ | ജീവനക്കാരുടെ പേര് | തസ്തിക |
|---|---|---|
| 1. | ശ്രീ. ശ്രീജിത്ത് | സെക്രട്ടറി |
| 2. | ശ്രീമതി രശ്മിപ്രീയ | ഹെഡ്ക്ലാർക്ക് |
| 3. | ശ്രീമതി അനി സി. ജോർജ് | സീനിയർ ക്ലാർക്ക് |
| 4. | ശ്രീ.മഗേഷ് കുമാർ | സീനിയർ ക്ലാർക്ക് |
| 5. | ശ്രീമതി ബിന്ദു ആർ നാഥ് | സീനിയർ ക്ലാർക്ക് |
| 6. | ശ്രീമതി രമ്യ പി.ആർ | സീനിയർ ക്ലാർക്ക് |
| 7. | ശ്രീമതി ജൂലി ജോസ് | സീനിയർ ക്ലാർക്ക് |
| 8. | ശ്രീമതി ലിൻസി മാത്യൂ | ക്ലാർക്ക് |
| 9. | ശ്രീ.അനൂപ് കെ.നായർ | ഓഫീസ് അറ്റൻഡന്റ് |

| | | |
|---|---|---|
| 10. | ശ്രീമതി ഉഷാ കുമാരി | പി.റ്റി.എസ്. |
| 11. | ശ്രീ. ബിനാസ് ഖാദർ | പി.റ്റി.എസ്. |

ജി.ഒ(എം.എസ്) 205/90/എൽ.എ.ഡി/3.12.90, തദ്ദേശ ഭരണ വകുപ്പിന്റെ 26/6/08ലെ 54/40/EPI-2/07/ത.സ്വ.ഭ.വ നം. സർക്കുലർ എന്നിവ പ്രകാരം 5ാം തീയതിയ്ക്ക് മുൻപായി പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കേണ്ടതും ഒടുക്കാതിരിക്കുന്നതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ടി ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-18 അധിക നിരക്കിൽ ദിവസവേതനം നൽകുന്നു

എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം ആരംഭിച്ച ഡിസ്പെൻസറികളിലെ ദിവസ വേതനക്കാരുടെ വേതനം പുനർനിർണ്ണയിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ വ്യത്യസ്ഥ നിരക്കിലാണ് അറ്റൻഡൻമാർക്ക് വേതനം നൽകുന്നത് എന്നതിനാൽ വേതനം ഏകീകരിച്ച് നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടതനുസരിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 7/4/17-ലെ ജി.ഒ(പി)1099/17 /ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം വേതനം പുനർ നിർണ്ണയിച്ചിരുന്നു. ഇതനുസരിച്ച് എൻ.ആർ.എച്ച്.എം. പ്രോജക്ട് പ്രകാരം ആരംഭിച്ച ഡിസ്പെൻസറികളിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അറ്റൻഡർക്ക് ദിവസ വേതനം 600രൂപ എൻ.ആർ.എച്ച്.എം ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് നൽകാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ എൻ.ആർ.എച്ച്.എം ഹോമിയോ ഹോസ്പിറ്റലിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അറ്റൻഡർ ശ്രീ ബിനോജ് ഗോപിയ്ക്ക് ദിവസ വേതനം 630 രൂപ ക്രമത്തിലാണ് ആണ് 01/6/17 മുതൽ നൽകിയിരിക്കുന്നത്. ഇതനുസരിച്ച് അധികം നൽകിയ ശമ്പളത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| മാസം | മസ്റ്റർറോൾ പ്രകാരം ഹാജരായ ദിവസങ്ങൾ | അനുവദിച്ച ശമ്പളം | അർഹമായ ശമ്പളം | അധികം നൽകിയത് |
|---|---|---|---|---|
| 6/17 | 26 | 16380 | 15600 | 780 |
| 7/17 | 27 | 17010 | 16200 | 810 |
| 8/17 | 27 | 17010 | 16200 | 810 |
| 9/17 | 26 | 16380 | 15600 | 780 |
| 10/17 | 26 | 16380 | 15600 | 780 |
| 11/17 | 26 | 16380 | 15600 | 780 |
| 12/17 | 26 | 16380 | 15600 | 780 |
| 1/17 | 27 | 17010 | 16200 | 780 |
| 2/17 | 24 | 15120 | 14400 | 720 |
| | | | | 7020 |

അധികം നൽകിയ തുക തുടർന്നുള്ള വേതനത്തിൽ ക്രമീകരിക്കേണ്ടതാണ്. തനത് ഫണ്ടിൽ നിന്നും വേതനം നൽകി വരുന്നുവെങ്കിലും ചെലവ് തുക എൻ.ആർ.എച്ച്.എം. നാളിതുവരെ തിരികെ നൽകിയിട്ടില്ല. തുക നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽനിന്നും തിരികെ വാങ്ങി തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-19 എബിസി പ്രോഗ്രാം - വിനിയോഗ രേഖകളില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |

| | |
|---|---|
| ചെലവഴിച്ച തുക | 210000 |
| ബിൽ നം & തീയതി | 13/18തീ.04 /08/17 |

തെരുവുനായ നിയന്ത്രണത്തിനായി എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തെരുവുനായയെ വന്ധ്യം കരിക്കുന്നതിന് തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ്ജുകൾ ഉൾപ്പെടെയുള്ള ചെലവുകൾക്കായി ഒരു നായയ്ക്ക് 2100 രൂപ നിരക്കിൽ കുടുംബശ്രീ മിഷന് കൈമാറുന്നതിന് 05.05.2017-ലെ സ.ഉ.(സാധാ.)1450/17/ത.സ്വ.ഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വികസനഫണ്ടിൽ നിന്നും കുടുംബശ്രീ മിഷൻ കോ ഓഡിനേറ്ററുടെ അക്കൗണ്ടിലേക്ക് 210000 രൂപ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. UTR നമ്പർ വ്യക്തമാക്കി കൊണ്ട് അധികൃതർക്ക് കത്ത് നൽകുകയോ തുക സ്വീകരിച്ചതിന്റെ കൈപ്പറ്റ് രസീത് വാങ്ങി ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. കുടുംബശ്രീയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രവും ഫയലിനോടൊപ്പം ഹാജരാക്കിയട്ടില്ല. തെരുവ് നായ് വന്ധ്യംകരണം പദ്ധതിയ്ക്കായി 2015-16 വർഷം 70000 രൂപ പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയെങ്കിലും പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് യാതൊരു രേഖയും പഞ്ചായത്തിൽ ലഭ്യമല്ല. പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും കുടുംബശ്രീ മിഷനിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലെങ്കിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതുമാണ്. വിനിയോഗരേഖകളുടെ അഭാവത്തിൽ 2017-18 വർഷം പ്രോജക്ടിനായി ചെലവഴിച്ച 210000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-20 എഗ്രിമെന്റ് വയ്ക്കാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക കൈമാറി

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹിച്ച 47/18 പ്രോജക്ടിന്റെ ഭാഗമായി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി 1180940രൂപ കെ.എസ്.ഇ.ബി-യ്ക്ക് കൈമാറിയിട്ടുണ്ട്.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വൈദ്യുതി ബോർഡ്, വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിന് മുൻപ് പഞ്ചായത്ത് ബന്ധപ്പെട്ട ഏജൻസിയുമായി മുദ്രപത്രത്തിൽ കരാർ വയ്ക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ടി പ്രോജക്ടുകളുടെ കാര്യത്തിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ കരാർ ചമയ്ക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. ടി തുക ഓൺലൈൻ ട്രാൻസ്ഫർ മുഖാന്തിരം കെ.എസ്.ഇ.ബി.-യുടെ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരിക്കുകയാണ്. എന്നാൽ തുക ഒടുക്കിയിന്റെ UTR നമ്പർ വ്യക്തമാക്കി കൊണ്ട് കെ.എസ്.ഇ.ബി. അധികൃതർക്ക് കത്ത് നൽകുകയോ തുക സ്വീകരിച്ചതിന്റെ കൈപ്പറ്റ് രസീത് വാങ്ങി ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടുമില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, അപാകത ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-21 കൃഷിയുമായി ബന്ധപ്പെട്ട പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ

എ) ടെണ്ടർ നടപടികൾ പാലിക്കാതെ സാധനങ്ങൾ സമാഹരിച്ചു

കൃഷി ഓഫീസർ നിർവ്വഹിച്ചിട്ടുള്ള വിവിധ പ്രോജക്ടുകളിലേക്ക് തെങ്ങും തൈകൾ, പച്ചക്കറി വിത്തുകൾ, ടിഷ്യൂ കൾച്ചർ വാഴ വിത്തുകൾ എന്നിവ വെച്ചൂച്ചിറ കാർഷിക സേവന കേന്ദ്രത്തിൽ നിന്നും വാങ്ങിയതായി കാണുന്നു. ഈ സ്ഥാപനത്തിൽ നിന്നും നടത്തിയ വാങ്ങലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ടിന്റെ പേരും നമ്പരും | വാങ്ങിയ ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | സമഗ്ര വാഴകൃഷി വികസനം S0010/18 | ടിഷ്യൂ കൾച്ചർ വാഴവിത്തുകൾ | 2500 | 21 | 52500 |
| 2 | സമഗ്ര വാഴകൃഷി | നൻമ- ബയോ പെസ്റ്റിസൈഡ് | 284ബോട്ടിൽ | 40 | 11360 |

| | | | | | |
|---|---|---|---|---|---|
| | വികസനം S0010/18 | | | | |
| 3 | സമഗ്ര തെങ്ങുകൃഷി വികസനം S0009/18 | കോക്കനട്ട് സീഡ്‌ലിംഗ്സ് | 389 | 75 | 29175 |
| 4 | സമഗ്ര തെങ്ങുകൃഷി വികസനം S0009/18 | വെജിറ്റബിൾ സീഡ് | 123 Kg | 100 | 12300 |
| | ആകെ | | | | 105335 |

വിവിധ ഇനങ്ങളിലായി ആകെ 105335 രൂപയുടെ വാങ്ങലാണ് ഈ സ്ഥാപനത്തിൽ നിന്നും ടെണ്ടർ കൂടാതെ നടത്തിയിട്ടുള്ളത്. ഇപ്രകാരം വാങ്ങിയിട്ടുള്ള വിത്തുകളും കീടനാശിനികളും സ്ഥാപനം ഉൽപ്പാദിപ്പിക്കുന്നതല്ല. ഇവ ഈ സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് സർക്കാർ അനുമതിയുണ്ടോ എന്നാരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 17, തീയതി 26.12.18 ) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. സർക്കാരിൽ നിന്നും പ്രത്യേക അനുമതിയില്ലാത്ത സാഹചര്യത്തിൽ ടെണ്ടർനടപടിക്രമങ്ങൾ പാലിക്കാതെ വെച്ചൂച്ചിറ കാർഷിക സേവന കേന്ദ്രത്തിൽ നിന്നും സാധനങ്ങൾ സമാഹരിച്ചത് ക്രമപ്രകാരമല്ല. ഈ സാഹചര്യത്തിൽ ക്രമപ്രകാരമല്ലാതെ ചെലവഴിച്ച 105335 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി. <u>ഗുണഭോക്താക്കൾ സമർപ്പിച്ച ബില്ലുകൾ ആധികാരമല്ല</u>

കൃഷി ഓഫീസർ നിർവ്വഹിച്ച വിവിധ പദ്ധതികളിൽ അർഹമായ സബ്സ്ഡി കണക്കാക്കി നൽകിയിരിക്കുന്നത് ഗുണഭോക്താക്കാൾ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിലാണ്. വേപ്പിൻ പിണ്ണാക്ക് , കുമ്മായം, ജൈവ വളം എന്നിവയാണ് ബില്ലുകൾ പ്രകാരം റാന്നി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വാങ്ങിയിട്ടുള്ളത്. ഈ ബില്ലുകളെല്ലാം തന്നെ തുടർച്ചയായ സീരിയൽ നമ്പരില്ലുള്ളതാണ്. സ്ഥാപനത്തിന്റെ ആധികാരിക തെളിയിക്കുന്ന സീൽ ബില്ലുകളിലൊന്നുമില്ല. വരും വർഷങ്ങളിൽ ഇത്തരത്തിലുള്ള പദ്ധതികളിൽ നിർവ്വഹിക്കുമ്പോൾ ഗുണഭോക്താക്കൾ സമർപ്പിക്കുന്ന ബില്ലുകളുടെ ആധികാരിക നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവെരുത്തേണ്ടതാണ്.

## 3-22 <u>മരുന്ന് വാങ്ങൽ പ്രോജക്ട്-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല</u>

2017-18 സാമ്പത്തിക വർഷം പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങുന്നതിനായി 350000 രൂപ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലേക്ക് ബിൽ നം.5/17-18 പ്രകാരം ഒടുക്കിയിട്ടുണ്ടെങ്കിലും ചുവടെ ചേർക്കുന്ന ഇൻവോയിസുകൾ പ്രകാരം 258525 രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളു.

| ക്രമ നം | ഇൻവോയിസ് നം& തീയതി | ലഭിച്ച മരുന്നുകളുടെ മൂല്യം |
|---|---|---|
| 1 | 6220/ 11-12-17 | 90747 |
| 2 | 6216/ 11-12-17 | 71566 |
| 3 | 8618/ 15-03-18 | 41294 |
| 4 | 12294/ 09-11-18 | 13723 |
| 5 | 1296/ 02-11-18 | 41195 |
| ആകെ | | **258525** |

ബാക്കി 91475 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-23 <u>ആശുപത്രി മാനേജിംഗ് കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടില്ല</u>

റാന്നി അങ്ങാടി ഗ്രാമപഞ്ചായത്തിലെ ഗവ. ആയുർവ്വേദ ഡിസ്പെൻസറി മാനേജിംഗ് കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടില്ല. 22.06.2010 ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടങ്ങൾ 2010 , ചട്ടം 3-5 പ്രകാരം ഒരിക്കൽ രൂപീകരിക്കുന്ന ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ കാലാവധി അതത് പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധി തീരുന്ന മുറയ്ക്ക് അവസാനിക്കുന്നതാണ്. പുതിയ ഭരണ സമിതി അധികാരത്തിലെത്തിയതിനുശേഷം 9.12.16 മുതൽ മാനേജിംഗ് കമ്മിറ്റി പുന:സംഘടിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പല തവണ കത്തുകളും അതിൻമേലുള്ള റിമൈൻഡറുകളും ഭരണസമിതിയ്ക്കും സെക്രട്ടറിക്കുമായി ഡോക്ടർ നൽകിയിരുന്നെങ്കിലും നാളിതുവരെ ഈ ദിശയിൽ ഒരു നീക്കവും നടന്നിട്ടില്ല .ചട്ടം 5 പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ ചെയർപേഴ്സണുമായി ആലോചിച്ച് മെമ്പർ സെക്രട്ടറി ആശുപത്രി മാനേജിംഗ് കമ്മിറ്റി യോഗങ്ങൾ വിളിച്ചുകൂട്ടാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ പുതിയ മാനേജിംഗ് കമ്മിയുടെ അഭാവത്തിൽ എച്ച്.എം.സി മീറ്റിങ്ങുകൾ നിലവിൽ കൂടുന്നില്ല. ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിക്കാത്ത സാഹചര്യത്തിൽ കമ്മിറ്റി അംഗീകാരമോ സാധൂകരണമോ ഇല്ലാതെയാണ് ആശുപത്രി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളത്. ഇത് ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 173 (എ) വകുപ്പ് പ്രകാരം ആയുർവ്വേദ ആശുപത്രിയ്ക്ക് വേണ്ടി ചെയർമാൻ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി അടിന്തിരമായി രൂപികരിക്കേണ്ടതും ആശുപത്രി വികസനഫണ്ടിന്റെ വിനിയോഗം ക്രമപ്പെടുത്തേണ്ടതുമാണ്.

## 3-24 ഫയലുകൾ ലഭ്യമാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | കന്നുകാലി വിതരണം (എസ്.സി.പി) |
| നിർവ്വഹണം | വെറ്റിനറി സർജൻ |
| അടങ്കൽ | 560000 (വി.ഫണ്ട് SCP- 399000, തനത് ഫണ്ട്-21000, ഗുണഭോക്തൃ വിഹിതം-140000) |
| ചെലവ് | 160000 ( വി.ഫണ്ട് SCP-120000, ഗുണഭോക്തൃ വിഹിതം-40000) |

വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം നിർവ്വഹിച്ച കന്നുകാലി വളർത്തൽ പദ്ധതി (SCP) എന്ന പദ്ധതിയിൽ ഗുണഭോക്തവൊന്നിന് 30000 രൂപ നിരക്കിൽ 4 ഗുണഭോക്താക്കൾക്കായി 120000 രൂപയാണ് വികസന ഫണ്ട് (SCP) ചെലവഴിച്ചത്. എന്നാൽ ഇതിൽ 3 ഗുണഭോക്താക്കളുടെ ഫയലുകൾ മാത്രമാണ് പരിശോധനയക്ക് ലഭ്യമാക്കിയത്. നാലാമത്തെ ഗുണഭോക്താവായ ശ്രീമതി സരോജിനി, പള്ളിപ്പുരയിടത്തിൽ എന്ന വ്യക്തിയുടെ അപേക്ഷ, തിരിച്ചറിയൽ രേഖകൾ, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല. ഈ ഗുണഭോക്താവ് ശ്രീ M.C ചാക്കോ എന്ന വ്യക്തിയിൽ നിന്നുമാണ് പശുവിനെ വാങ്ങിയിട്ടുള്ളത്. കന്നുകാലിയുടെ വിലയായ 30000 രൂപ (ബിൽ നം. J-11/17-18 Dtd.27.01.18), ശ്രീ. എം. സി. ചാക്കോ എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് (നം-67049232008) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത് നൽകുകയാണുണ്ടായത്. ഫയലുകളും രേഖകളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറിയും (എൻക്വയറി നം-12, തീയതി-22.12.18) തുടർന്ന് ഓഡിറ്റ് റിക്വിസിഷനും നൽകിയിരുന്നെങ്കിലും ഫയൽ ലഭ്യമാക്കിയില്ല. ആയതിനാൽ ടി ഗുണഭോക്താവിന് നൽകിയ 30000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. റിപ്പോർട്ട് കൈപ്പറ്റി 60 ദിവസത്തിനുള്ളിൽ ചെലവ് രേഖകൾ ഹാജരാക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം രേഖകൾ നിലവിലില്ല എന്ന നിഗമനത്തിലെത്തുന്നതും തുക തിരികെ ഈടാക്കുവാൻ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## 3-25 മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയില്ല; റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച

ഓഡിറ്റ് വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തി. ആകെ ലഭ്യമായ ഫണ്ടിന്റെ 42.45% മാത്രമാണ് വിനിയോഗിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡിതര സംരക്ഷണ | സർക്കാർ അനുവദിച്ച | പ്രോജക്ടുകൾക്കായി വകയിരുത്തിയ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ | ചെലവഴിച്ച തുക | ലാപ്സായ |
|---|---|---|---|---|---|

| ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകളുടെ എണ്ണം | തുക | തുക | എണ്ണം | | തുക |
|---|---|---|---|---|---|
| 15 | 2959364 | 3951000 | 8 | 1677137 | 1282227 |

റോഡിതര സംരക്ഷണ ഗ്രാന്റ് ഇനത്തിൽ സർക്കാർ അനുവദിച്ചതിനേക്കാൾ അധികം തുക വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. 39.51ലക്ഷം അടങ്കലുള്ള 15 മരാമത്ത് പ്രവൃത്തികളിൽ 8 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയത് (ചെലവ് 16.77 ലക്ഷം). ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാതിരുന്നതിനാൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ചെലവഴിക്കാമായിരുന്ന 12.82 ലക്ഷം രൂപ ലാപ്സായി. ചെലവഴിച്ച 16.77 ലക്ഷം രൂപയിൽ 8.5 ലക്ഷം രൂപയും മരുന്ന് വാങ്ങുന്നതിനുവേണ്ടിയായിരുന്നു.

കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപീക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറിക്കിയിരുന്നില്ല. പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-26 പ്രത്യേക ഘടക പദ്ധതി നടത്തിപ്പിലെ അപാകതകൾ

എസ്.സി.പി. പ്രോജക്ടുകൾ നടപ്പിലാക്കുന്നതുമായി ബന്ധിപ്പെട്ട പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്ന നിബന്ധനകൾ വേണ്ടവിധം പാലിക്കപ്പെട്ടിട്ടില്ല. എസ്.സി.പി./ടി.എസ്.പി. എന്നിവയിൽ കുടുംബ കേന്ദ്രീകൃത സമീപനത്തിൽ (Household centred approach) ഓരോ കുടുംബത്തിന്റെയും സാമൂഹിക-സാമ്പത്തിക വികസനത്തിനാണ് ഊന്നൽ നൽകേണ്ടതെന്നും, എസ്.സി.പി./ടി.എസ്.പി. സമഗ്ര സർവ്വേയുടെ ഡാറ്റ അടിസ്ഥാനപ്പെടുത്തി ആയിരിക്കണം എസ്.സി.പി./ടിഎസ്.പി. പ്രോജക്ടുകൾ തയ്യേറാക്കേണ്ടതെന്നും സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചല്ല പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത്. എസ്.സി.പി./ടി.എസ്.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് സ്ഥാപനതലത്തിൽ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണെന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല. തൻവർഷം എസ്.സി.പി. ഫണ്ട് 40.51% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മുൻവർഷങ്ങളിലെയും സ്ഥിതി വ്യത്യസ്തമല്ല.

| സംസ്ഥാന സർക്കാർ അനുവദിച്ച തുക | ചെലവഴിച്ച തുക | മേഖലാടിസ്ഥാനത്തിൽ വകയിരുത്തിയ തുക | | ചെലവ് | ചെലവ്% | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1892072 | 746937 | ഉത്പാദനം | 1274000 | 413000 | 32.42 | 1145135 |
| | | സേവനം | 570000 | 333937 | 58.59 | |
| | | പശ്ചാത്തലം | 0 | 0 | 0 | |
| | | ആകെ | 1844000 | 746937 | 40.51 | |

പ്രത്യേക പരിഗണന അർഹിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതി നടത്തിപ്പിലുണ്ടായിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. എസ്.സി.പി.പ്രോജക്ടുകളുടെ നിർവ്വഹണവും, ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-27 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിമിതം

ഇരുപത് അങ്കണവാടികളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. എന്നാൽ ഇവയിൽ എട്ടെണ്ണത്തിന് മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. ബാക്കിയുള്ള 12 എണ്ണം വാടക കെട്ടിടങ്ങളാണ് പ്രവർത്ത്ിക്കുന്നത്. ഇരുപത് അങ്കണവാടികളിലും ടോയിലറ്റ് സൗകര്യം ലഭ്യമാണെങ്കിലും ശിശു സൗഹൃദ ടോയിലറ്റുകൾ എങ്ങുംതന്നെയില്ല. മൂന്ന്

അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റമതിലുള്ളത്. മൂന്ന് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം ലഭ്യമാണെങ്കിലും കെട്ടിട നിർമ്മാണത്തിനുള്ള പദ്ധതികളൊന്നും ഇതേവരെ ഏറ്റെടുത്തിട്ടില്ല. ഇരുപത് അങ്കണവാടികളിലും ഗ്യാസ് കണക്ഷൻ ലഭ്യമാണ്. എന്നാൽ ശുദ്ധ ജല സ്രോതസ്സ് എല്ലാ അങ്കണവാടികളിലുമില്ല. 30-ാം നമ്പർ അങ്കണവാടിക്കു മാത്രമേ സ്വന്തമായി കുടിവെള്ള കിണറുള്ളൂ. രണ്ട് അങ്കണവാടികൾക്ക് പൈപ്പ് ലൈൻ കണക്ഷൻ ലഭ്യമാണ്. ബാക്കിയുള്ളവ സമീപസ്ഥങ്ങളായ വീടുകളെയാണ് ശുദ്ധജലത്തിനായി ആശ്രയിക്കുന്നത്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിയും അനുബന്ധ വർക്കിംഗ് ഗ്രൂപ്പും ക്രിയാത്മ ഇടപെടൽ നടത്തേണ്ടതാണ്.

## 3-28 ജി.എൽ.പി.എസ്. പുല്ലൂപ്രം - അനുബന്ധ സൗകര്യങ്ങളില്ല

പുല്ലൂപ്രം ജി.എൽ.പി.എസിന് എം.എൽ.എ. ഫണ്ടുപയോഗിച്ച് 4-ക്ലാസ്സ് റൂം അടങ്ങുന്ന പുതിയ കെട്ടിടം തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന് പ്ലബിംഗ്,വൈദ്യുതീകരണം എന്നിവ നടത്തുകയോ ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. ചുറ്റമതിൽ പൂർണ്ണമാക്കേണ്ടതും ഗേറ്റ് സ്ഥാപിക്കേണ്ടതുമുണ്ട്.

സ്കൂൾ കെട്ടിടത്തിന് വേണ്ട അനുബന്ധ സൌകര്യങ്ങൾക്ക് അടിയന്തിരമായി പദ്ധതി തയ്യാറാക്കി കെട്ടിടം പ്രവർത്തനക്ഷമമാക്കേണ്ടതാ

## 3-29 ഹരിതകർമ്മസേന രൂപീകരിച്ചെങ്കിലും തുടർ പ്രവർത്തനമില്ല

മാലിന്യ സംസ്കരണത്തിനായി രൂപീകരിച്ച ഹരിതകർമ്മ സേനയുടെ ലിസ്റ്റ് 31.10.17-ലെ 2(1) നമ്പർ തീരുമാനത്തിലൂടെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരുന്നു എന്നാൽ, പ്ലാസ്റ്റിക് വേസ്റ്റ് ശേഖരിക്കുന്നതിന് ഹരിതകർമ്മസേനയുടെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. 2017 ആഗസ്റ്റിലുണ്ടായ പ്രളയത്തെത്തുടർന്ന് വ്യാപകമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞ് കൂടിയിട്ടുള്ളതിനാൽ ഈ വിഷയത്തിൽ അടിയന്തിരമായി തുടർനടപടി ഉണ്ടാകേണ്ടതുണ്ട്. ഇതു കൂടാതെ, പഞ്ചായത്ത് ഓഫീസിലെയും ഘടകസ്ഥാപനങ്ങളിലെയും ഇ-വേസ്റ്റ് ശേഖരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നതിന് 22.09.17-ൽ 1-ാം നമ്പരായി പഞ്ചായത്ത് കമ്മിറ്റിയെടുത്ത തീരുമാനവും നടപ്പാക്കിയിട്ടില്ല.

ഹരിതകർമ്മസേനയുടെ തുടർപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.

## 3-30 ചെറിയ അളവിൽ മാത്രമായി കോൺക്രീറ്റ് പ്രവൃത്തികൾ - റോഡുകൾ പൂർണ്ണമായും ഗതാഗത യോഗ്യമാക്കാനാകുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം 61 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ എറ്റെടുത്ത് നടപ്പാക്കി ശരാശരി 40മീ. മുതൽ 50മീ. വരെ മാത്രം നീളത്തിലാണ് എല്ലാ പ്രവൃത്തികളും ചെയ്തത്. ഇക്കാരണത്താൽ ഭൂരിഭാഗം റോഡുകളും പൂർണ്ണമായും ഗതാഗതയോഗ്യമാക്കാനാകുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ വിവരങ്ങൾ (നീളം, വീതി, ചെലവഴിച്ച തുക) | | |
|---|---|---|---|
| | 2016-17 | 2017-18 | 2018-19 |
| കളത്തൂർപടി -പനംതോട്ടത്തിൽപടി റോഡ് കോൺക്രീറ്റിംഗ് | 41.8 മീ. X 3 മീ<br>149228/- | | 78.8 മീ.X3 മീ<br>236021/- |
| വളവൊടിക്കാവ് -ഏഴോലി റോഡ് | 130മീ. X 3 | 183 മീ. X 3 | 117 മീ.X 3 |

| | | | |
|---|---|---|---|
| കോൺക്രീറ്റിംഗ് | മീ. 450000/- | മീ. 454335/- | മീ. 341889/- |
| വാഴയിൽപ്പടി-പുതവേൽപ്പടി റോഡ് കോൺക്രീറ്റിംഗ് | 52 മീ. X 3 മീ. 160112/- | 50 മീ. X 3 മീ. 200000/- | 52 മീ.X 3മീ. 160112/- |
| ഏഴോലി-പുതവേൽതടം എബനേസർ കോർട്ട് റോഡ് കോൺക്രീറ്റിംഗ് | | 75.6 മീ. X 3 മീ. 300000/- | 65 മീ. X 3 മീ. 197628/- |
| ചേലക്കാട്ടുതടം - വാര്യത്തുപടി റോഡ് കോൺക്രീറ്റിംഗ് | | 50 മീ. X 3 മീ. 200000/- | 78.8 മീ. X 3 മീ. 252370/- |
| എബനേസർ–ചിറയിൽപടി റോഡ് കോൺക്രീറ്റിംഗ് | 86 മീ. X 3 മീ. 300000/- | 118.5 മീ. X 3 മീ. 450000/- | 52 മീ. X 3 മീ. 163690/- |
| വലിയകാവ്-ചുളിക്കുന്നിൽ റോഡ് കോൺക്രീറ്റിംഗ് | | 44.5 മീ. X 3 മീ. 178000/- | |
| മുസ്ലീംപള്ളി-കത്തോലിക്കപ്പള്ളി റോഡ് കോൺക്രീറ്റിംഗ് | 57 മീ. X 3 മീ. 200000/- | 67 മീ. X 3 മീ. 266500/- | |
| വെണ്ണിയാമ്പാറ-കോമളാംകുഴി റോഡ് കോൺക്രീറ്റിംഗ് | 34 മീ. X 3 മീ. 137000/- | 50മീ. X 3മീ. 175000/- | |

റോഡ് മരാമത്ത് പ്രവൃത്തികൾ സങ്കുചിത കാഴ്ച്ചപ്പാടോടെ വാർഡടിസ്ഥാനത്തിൽ വിഭജിക്കുന്ന നിരുത്തരവാദപരമായ സമീപനം മൂലം ഭൂരിഭാഗം റോഡുകളും ഗതാഗതയോഗ്യമാക്കാനാകാത്തത് ഗൌരവത്തോടെ കാണുന്നു. വർഷങ്ങളായി തുടരുന്ന തെറ്റായ ഈ പ്രവണത കർശനമായും ഒഴിവാക്കേണ്ടതും സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-31 റോഡ് മരാമത്ത് പ്രവർത്തികൾക്കുള്ള ടെൻഡർ നടപടികൾ സുതാര്യമല്ല

തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ റോഡ് മരാമത്ത് പ്രവൃത്തികളുടെ റോഡ് മരാമത്ത് പ്രവത്തികളുടെ ടെൻഡർ നടപടികൾ സുതാര്യമല്ല. ഭൂരിഭാഗം പ്രവൃത്തികൾക്കും 2-ടെൻഡറുകൾ വീതമാണ് സമർപ്പിക്കപ്പെട്ടത്. പ്രവൃത്തികൾ ഓരോന്നിനും ലഭിച്ച ടെൻഡറുകൾ ഒരേ കൈപ്പടയിൽ തയ്യാറാക്കിയവയാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തി മൂല്യം | ടെൻഡർ സമർപ്പിച്ചതിന്റെ വിവരം | |
|---|---|---|---|---|
| | | | കരാറുകാരൻ | ക്വാട്ട് ചെയ്ത നിരക്ക് |
| 1 | വടക്കേമണ്ണിൽപ്പടി - കരികുറ്റി സ്കൂൾ റോഡ് കോൺക്രീറ്റിംഗ്, S047/18 | 159623 | നിതിൻ ജോസഫ്<br>റബ്ബ പി. ജയിംസ് | 5% കൂടുതൽ<br>0.02% കുറവ് |
| 2 | മണ്ണാറത്തറ-പാലത്തിങ്കൽപ്പടി<br>റോഡ് കോൺക്രീറ്റിംഗ്, S040/18 | 143911 | മുഹമ്മദ് സിറാഫത്ത്<br>മേലേവീട്ടിൽ<br>അബ്ദുൾ സമദ്<br>മേപ്രത്ത് | 5% കൂടുതൽ<br>0.03 % കുറവ് |
| 3 | ചെറുകത്രപ്പടി-മുട്ടിത്തോട്ടത്തിൽപ്പടി റോഡ് കോൺക്രീറ്റിംഗ്, S071/18 | 149807 | നിതിൻ ജോസഫ്<br>മണിമലേത്ത്<br>റഞ്ചു പി. ജയിംസ്<br>പള്ളത്തറ | 0.02% കുറവ്<br>2% കൂടുതൽ |
| 4 | കോയിക്കൽപ്പടി-മഠത്തുമാങ്കൽപ്പടി റോഡ് കോൺക്രീറ്റിംഗ്, S0107/18 | 349329 | അബ്ദുൾ സമദ്<br>മേപ്രത്ത്<br>മുഹമ്മദ് സിറാഫത്ത്<br>മേലേവീട്ടിൽ | 0.03% കുറവ്<br>3% കൂടുതൽ |
| 5 | കല്ലേലിമണ്ണിൽപ്പടി-പറങ്ങാമൂട്ടിൽപ്പടി റോഡ് കോൺക്രീറ്റിംഗ്, S061/18 | 246041 | നിതിൻ ജോസഫ്<br>മണിമലേത്ത്<br>റഞ്ചു പി. ജയിംസ്<br>പള്ളത്തറ | 0.02% കൂടുതൽ<br>0.03% കുറവ് |

സുതാര്യതയില്ലാതെ സമർപ്പിക്കപ്പെട്ട ടെൻഡറുകൾ ഒന്നുംതന്നെ നിരസിക്കപ്പെട്ടില്ല എന്നത് ശ്രദ്ധേയമാണ്.ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥയും നിസംഗത പുലർത്തുന്നത് നിരുത്തരവാദപരമായ സമീപനമായി വിലയിരുത്തുന്നു. അപാകതയിൻമേൽ വിശദീകരണം നൽകേണ്ടതും ടെൻഡർ നടപടികൾ സുതാര്യമാക്കുന്നതിന് കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-32 പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല.കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ ഇപ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള പുറംപോക്ക് വസ്തുക്കളുടെ വിവരം ഗ്രാമപഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഇവ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

പുറംപോക്ക് രജിസ്റ്റർ സൂക്ഷിക്കുകയോ പുറംപോക്ക് വസ്തുക്കളുടെ വിവരം പ്രസിദ്ധപ്പെടുത്തുകയോ ചെയ്യാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് വസ്തുക്കൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പാലിന് ഇൻസെന്റീവ് (99/2018) | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | | മാമുക്ക് പാലത്തിന് സമീപം കുട്ടികളുടെ പാർക്ക് നിർമ്മാണം | | 1000000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക | ബിൽ നം./തീയതി | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കാവുങ്കൽ പടി-കുന്നംപുറത്ത് പടി സ്ട്രീറ്റ് ലൈറ്റ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, 110/18 | 47775 | 29/7.10.17 | - | പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല | 47775 |
| കെ.എസ്.ഇ.ബി | പുള്ളോലി പീടികപ്പടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, 112/18 | 18900 | 30/09.10.17 | | പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല | 18900 |
| കെ.എസ്.ഇ.ബി | മുള്ളേക്കുന്നത്ത് പടി പി.സി.ഹൈസ്കൂൾ മുകൾ ഭാഗം | 26250 | 31/09.10.17 | | പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല | 26250 |

| | | | | | | |
|---|---|---|---|---|---|---|
| | കണ്ണാത്ത് മുറിപടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ , 113/18 | | | | | |
| കെ.എസ്.ഇ.ബി | 12ാം വാർഡിൽ വൈദ്യുതലൈൻ ദീർഘിപ്പിക്കൽ ബാക്കി തുക, 159/18 | 16119 | 72/05.12.17 | | പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല | 16119 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് സ്ഥാപിക്കൽ, 11/18 | 1088015 | 72/5.12.17<br>28/18.07.17 | | പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല | 1088015 |
| | | 1197059 | | | | 1197059 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2017-18 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇല്ല | | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷാരംഭത്തിലുണ്ടായ നിക്ഷേപം | തൻവർഷം നിക്ഷേപിച്ച തുക | ആകെ | തന്നാണ്ടിൽ പൻവലിച്ച തുക | വർഷാരംഭത്തിൽ അവശേഷിക്കുന്ന സ്ഥാര നിക്ഷേപം |
|---|---|---|---|---|
| ഇല്ല | | | | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 26667രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 2014-15 | | 21208 | ശ്രീമതി മായാദേവി, കൃഷി ഓഫീസർ | 11702100762/03.06.17 |
| 1995-96 | 14(b) | 123 | ശ്രീമതി ജോയ്സ് ജോൺ, സെക്രട്ടറി | 11702101406/11.8.17 |
| 1995-96 | 18 | 411 | ശ്രീമതി ജോയ്സ് ജോൺ, സെക്രട്ടറി | 11702101407/11.8.17 |
| 1995-96 | 15(b) | 250 | ശ്രീമതി ജോയ്സ് ജോൺ, സെക്രട്ടറി | 11702101408/11.8.17 |
| 1995-96 | 12 | 85 | ശ്രീമതി ജോയ്സ് ജോൺ, സെക്രട്ടറി | 11702101409/11.8.17 |
| 2002-03 | 2-2 | 1425 | സെക്രട്ടറി | 93858100041/19.9.17 |
| 2004-05 | 2-5(3,4,5) | 375 | സെക്രട്ടറി | 9385810044/19.9.17 |
| 2001-02 | 2-1 | 1890 | എച്ച്.എം, എബനേസർ ഹൈസ്കൂൾ | 1170210837/27.9.17 |
| 2001-02 | - | 150 | എ.ഡി. ഷീല, എ.ഡി.എ | 11702101954/7.10.17 |
| 2016-17 | 2-3(സി) | 250<br>250<br>250 | രമ്യ പി.ആർ, ക്ലാർക്ക്<br>ക്ലാർക്ക്, സബ് രജിസ്ട്രാർ ഓഫീസ്.<br>രതീഷ് ആർ നായർ, ചൈൽഡ് ഡവലപ്പ്മെന്റ് ഓഫീസ് | 11702103126/30.11.17<br>111702104237/29.1.18<br>11702104279/2.2.18 |
| | | 26667 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1 | 2016-17 | അനുബന്ധം3 | വസ്തു നികുതി | നിയമസഭാസമിതിയുടെ പരിഗണനയിലാണ്. |
| 2014-15 | 2.2 | | അനുബന്ധം3 | തൊഴിൽ നികുതി | നിയമസഭാസമിതിയുടെ പരിഗണനയിലാണ്. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടി സ്വീകരിച്ചതിന്റെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | ഓഡിറ്റ് സർട്ടിഫിക്കറ്റിന്റെ വിവരം | ഉൾപ്പെട്ട തുക | സ്വയം അടവാക്കിയ തുക | രസീത് നം. & തീയതി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-9 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം പ്രകാരം ഗ്രാമപ്പഞ്ചായത്ത് ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് ചട്ടം 9 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ അക്കൗണ്ടുകൾ ആ സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം ഓഡിറ്റിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ വാർഷിക കണക്കുകൾ യഥാസമയം സമർപ്പിക്കുന്നില്ല.

| ക്രമ നം | ആശുപത്രിയുടെ പേര് | വാർഷിക കണക്കുകൾ ലഭ്യമാക്കിയതിന്റെ വിവരം | വാർഷിക കണക്ക് ഓഡിറ്റ് ചെയ്തതിന്റെ വിവരം | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചതിന്റെ വിവരം |
|---|---|---|---|---|
| 1 | പി.എച്ച്.സി, റാന്നി അങ്ങാടി | 2011-12 മുതൽ 2016-17 വരെ | 2011-12 മുതൽ 2016-17 വരെ | കെ.എസ്.എ.പി.റ്റി.എ പി3/430/17/04.05.17 |
| 2 | ആയുർവേദ ഡിസ്പെൻസറി, റാന്നി അങ്ങാടി | 2007-08 മുതൽ 2014-15 വരെ | 2007-08 മുതൽ 2014-15 വരെ | കെ.എസ്.എ.പി.റ്റി.എ പി3/530/16/13.05.16 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്തം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61699804 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43001128 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3999 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1337813 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | സർചാർജ്ജ് | |
| 3-6 | 3999 | | ശ്രീ.ബിനു കുമാർ, വി.ഇ.ഒ |
| ആകെ | 3999 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 106520 | ശ്രീമതി രേണുക, ഹെഡ്മിസ്ട്രസ് |
| 3-3 | 545000 | ശ്രീ.ബിനു കുമാർ, വി.ഇ.ഒ |
| 3-6 | 19995 | ശ്രീ.ബിനു കുമാർ, വി.ഇ.ഒ |
| 3-7 | 240000 | ശ്രീ.ബിനു കുമാർ,വി.ഇ.ഒ |
| 3-8 | 50000 | ശ്രീ.ബിനു കുമാർ,വി.ഇ.ഒ |
| 3-9 | 16000 | ശ്രീമതി രേണുക, ഹെഡ്മിസ്ട്രസ് |
| 3-14 | 14963 | ശ്രീമതി രേണുക,ഹെഡ്മിസ്ട്രസ് |
| 3-19 | 210000 | ശ്രീ. ജോൺസൺ പീറ്റർ കാർഡോസ്, സെക്രട്ടറി |
| 3-21 | 105335 | ശ്രീമതി അമ്പിളി സി.എം, കൃഷി ഓഫീസർ |
| 3-24 | 30000 | ഡോ. എബി കെ. കുര്യൻ, വെറ്ററിനറി സർജൻ |
| | 1337813 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിനു കുമാർ, വി.ഇ.ഒ | വി.ഇ.ഒ, റാന്നി അങ്ങാടി | ശ്രീകല മന്ദിരം നല്ലില പി.ഒ കൊല്ലം |
| ശ്രീമതി രേണുക ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്,<br>ഗവ. യു.പി. സ്കൂൾ, വരവൂർ | പൈക്കാവിൽ ഹൗസ് കൊറ്റനാട് പി.ഒ റാന്നി |
| ഡോ. എബി കെ. കുര്യൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ഗവൺമെന്റ് വെറ്ററിനറി ഡിസ്പെൻസറി, ഈട്ടിച്ചുവട്, റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് | കണ്ണങ്കഴേത്ത് ഹൗസ്, റാന്നി പഴവങ്ങാടി നോർത്ത് |
| ശ്രീമതി അമ്പിളി സി.എം, കൃഷി ഓഫീസർ | കൃഷി ഭവൻ, അലൈമൺ | റ്റി.എസ് ഭവൻ കരവാളൂർ പി.ഒ പുനലൂർ , കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം* |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 2/363/1997 തീയതി 09-09-1997 | 1 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി 2/30/1998 തീയതി 30-06-1999 | 3 |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി 2/586/1998 തീയതി 11-08-2000 | 1 |

| | | |
|---|---|---|
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 2/460/2001 തീയതി 05-11-2001 | 3 |
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 2/579/2004 തീയതി 21-03-2005 | 6 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി 2/580/04തീയതി 12-01-2005 | 3 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി.2/756/2004 തീയതി 05-05-2005 | 2 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി 2/65/2005 തീയതി 10-06-2005 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി2/325/2005 തീയതി 14-11-2005 | 2 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി3/924 /2007തീയതി 31-01-2008 | 3 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.9/843/2009 തീയതി 30-07-2010 | 7 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.9/268/2010 തീയതി 04-04-2011 | 9 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി10/211/11 തീയതി 04-02-2013 | 7 |

| | | |
|---|---|---|
| 2008-09 to 2010-11 | എൽ.എഫ്.പി.റ്റി.എ-പി.9/332/13 തീയതി 31-07-2013 | 10 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി 6/306/2013 തീയതി 13-08-2014 | 24 |
| 2012-13 | കെ.എസ്.എ.പി.റ്റി.എ-പി 6/1203/14 തീയതി 26-03-2015 | 8 |
| 2013-14 | കെ.എസ്.എ.പി.റ്റി.എ-പി 6/487/16 തീയതി 04-05-2016 | 8 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ-പി 6/681/16 തീയതി 21-06-2016 | 20 |
| 2015-16 | കെ.എസ്.എ..പി.റ്റി.എ-പി 6/1288/16 തീയതി 02-12-2016 | 28 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ-പി 6/1288/16 തീയതി 2-12-2016 | 23 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

| | |
|---|---|
| നം.കെ.എസ്.എ.പി.റ്റി.എ.പി.6/1631/18 | തീയ്യതി:10/01/18 |

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ റാന്നി അങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ റാന്നി അങ്ങാടി ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

No.K.S.A.PTA.P6-1631/2018 Dated:10.01.2019

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Ranny Angadi Grama Panchayat in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ranny Angadi Gramma Panchayat for the year 2017-18 except the obeservations in my report properly presents the picture of income and expenditure.

HABEEB MUHAMMED

Deputy Director (H.G)

Kerala State Audit Department

Pathanamthitta